കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അരുവിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.7/1335/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 12/09/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.7/1335/2025 തീയ്യതി: 12/09/2025

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ.ആർ	ഡെപ്യൂട്ടി ഡയറക്ടർ	12-06-2025	20-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-06-2025	20-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലീന പി.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. പ്രദീപ്കുമാർ .ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വെർജിൻ ഷീജ.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദേവിക.പി, ഓഡിറ്റർ
ശ്രീ. അജിത്ത് .ആർ.ജെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.കല.ആർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.അജിത.എസ്.എസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രശാന്ത് .ബി	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ.മേരിവിനി ഏഞ്ചൽ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ഡോ.ലിന്റോ ജോൺസ്	മെഡിക്കൽ ഓഫീസർ , ആയുർവ്വേദം	01-04-2024	28-01-2025
ഡോ.സൗമ്യ ശശിധരൻ	മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം	29-01-2025	31-03-2025
ഡോ.വി.എസ്. അജിത്ത്	മെഡിക്കൽ ഓഫീസർ ,ഹോമിയോ	01-04-2024	31-03-2025
ഡോ.ജാസ്മിൻ .എസ്.എം	മെഡിക്കൽ ഓഫീസർ , അലോപ്പതി	01-04-2024	31-03-2025
ശ്രീ.അശ്വിൻദാസ് .വി.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ശ്രീ. പ്രശാന്ത് .എസ്	ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ	01-04-2024	31-03-2025
ശ്രീമതി. അജിത.എസ്.എസ്	സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി. റാണി.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി. നയനതാര.ജി.ജി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-07-2024
ശ്രീമതി. കവിത.ഇ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-08-2024	31-03-2025
ശ്രീമതി. സിന്ധുമോൾ .ടി.ജെ	ഹെഡ്മിസ്ട്രസ്	01-04-2024	30-06-2024
ശ്രീ. ഡി.എൽ.ജയരാജ്	ഹെഡ്മാസ്റ്റർ	01-07-2024	31-03-2025
ശ്രീമതി. പുഷ്പകുമാരി .വി	വി.ഇ.ഒ , സർക്കിൾ 1	01-04-2024	17-06-2024
ശ്രീ. അനൂപ് .പി.എസ്	വി.ഇ.ഒ , സർക്കിൾ 1	18-06-2024	15-02-2025
ശ്രീമതി. അശ്വതി.എ.വിജയൻ	വി.ഇ.ഒ , സർക്കിൾ 1	16-02-2025	31-03-2025
ശ്രീമതി. അശ്വതി.എ.വിജയൻ	വി.ഇ.ഒ , സർക്കിൾ 2	01-04-2024	19-06-2024
ശ്രീമതി. ദീപ്തി.എസ്	വി.ഇ.ഒ , സർക്കിൾ 2	20-06-2024	15-02-2025

ശ്രീമതി. അശ്വതി.എ.വിജയൻ	വി.ഇ.ഒ , സർക്കിൾ 2	16-02-2025	31-03-2025
ശ്രീ.അനിയൻ.എ.കെ	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	25-02-2025
ശ്രീമതി സൗമ്യ.ടി.കെ	ഡയറിഫാം ഇൻസ്ട്രക്ടർ	26-02-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	തൻവർഷത്തെ വരവുചെലവു കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-2
4	കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് B-1 Schedule പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-4
6	പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-6
8	ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.	1-1-7
9	Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം-	1-1-8
10	ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-1-9

11	ഡിമാന്റ് രേഖപ്പെടുത്താതെ കളക്ഷൻ സ്വീകരിച്ചിരിക്കുന്നു	1-1-10
12	ട്രഷറി സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-11
13	അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-12
14	വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തംആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-13
15	Liability In Respect Of Stale Cheques-(350800101) തുകകൾ ക്രമീകരിക്കുന്നില്ല	1-1-14
16	Receivables Of Redemption – തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-15
17	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-16
18	നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകകൾ വാർഷികകണക്കിലെ അഡ്വാൻസ് ഹെഡിൽ (B-18) ഉൾപ്പെടുത്തിയിട്ടില്ല.	1-1-17
19	വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-1-18
20	Property Tax On Residential Building , Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.	1-1-19
21	MGNREGS - ചെലവു കണക്കുകൾ എ.എഫ്.എസും ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-20

22	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല	1-1-21
23	ബാധ്യതാ ഹെഡുകളിലെ നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-22
24	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-23
25	വാർഷികധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ	1-1-24
26	ബജറ്റ് രൂപീകരണം - അപാകങ്ങൾ	1-2-1
27	ബജറ്റ്	1-2
28	സാമ്പത്തിക വിശകലനം	1-3
29	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
30	ഗ്രാന്റ് വിനിയോഗം	1-4
31	പദ്ധതി ആസൂത്രണം	1-5
32	സാമൂഹ്യ സുരക്ഷ പെൻഷൻ - ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നില്ല	1-6-1
33	ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ	1-6
34	ക്യാഷ് ബാലൻസ് പരിശോധന	1-7
35	ആഭ്യന്തര നിയന്ത്രണം	1-8
36	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
37	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
38	തൊഴിൽ നികുതി- അപാകങ്ങൾ	1-11
39	വസ്തു നികുതി പരിഷ്കരണം- നടപടികൾ പൂർത്തിയാക്കിയില്ല	1-12-1

40	മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്	1-12-2
41	പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയ കാലയളവിലെ ഡിമാന്റ് ഒഴിവാക്കുന്നു	1-12-3
42	വസ്തു നികുതി -അപാകങ്ങൾ	1-12
43	തനതുവരുമാനം ഈടാക്കുന്നതിൽ വൻ കുടിശ്ശിക- വികസനഫണ്ട് കുറവ് ചെയ്തിട്ടുണ്ട്	1-13
44	യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മെഷീനറി ഫീസ് ഈടാക്കിയില്ല	1-14-1
45	പൗൾട്രി ഫാമുകൾക്ക് ലൈസൻസ്- നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നില്ല	1-14-2
46	ലൈസൻസ്- അപാകങ്ങൾ	1-14
47	മരങ്ങൾ/ പാഴ് വസ്തുക്കളുടെ ലേലം- തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്	1-15
48	കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്	1-16
49	മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ആദായകരമല്ലാത്തതിനാൽ ലേലം നടക്കുന്നില്ല	1-17
50	വഴിയമ്പലം- ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടം പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്നു	1-18
51	കരാർ ജീവനക്കാർ/ ദിവസവേതന ജീവനക്കാർ- നിയമനം	1-19
52	സ്ലൈഡർ ഊഞ്ഞാൽ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകത - 20,300/-രൂപ തടസ്സപ്പെടുത്തുന്നു	1-20
53	മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. 3,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-21

54	ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്/ മോണിട്ടറിങ്ങ് സിസ്റ്റം - ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല	1-22
55	ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-23
56	ജനകീയ ഹോട്ടലിനോട് അനുബന്ധിച്ച് മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി	1-24
57	പദ്ധതി ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളിൽ അനുബന്ധ രേഖകൾ പൂർണ്ണമല്ല.	1-25
58	ലെഗസി വേസ്റ്റ് നീക്കം ചെയ്യൽ അപാകങ്ങൾ - 10,030/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-26
59	തൊഴിലുറപ്പ് പദ്ധതി	1-27
60	ജനറൽ കമ്മിറ്റി മിനിട്സ് - യോഗ നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല	1-28
61	വാർഷിക വരുമാനം 5 ലക്ഷത്തിൽ കൂടുതലുള്ളവർക്കും സബ്സിഡി ആനുകൂല്യം നൽകി- വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 38696/- രൂപ തടസ്സപ്പെടുത്തുന്നു.	1-29
62	മുൻകൂറുകൾ ക്രമീകരിക്കുന്നില്ല	1-30
63	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-31
64	ജലജീവൻ മിഷൻ പദ്ധതി - അവലോകനം	1-32
65	ഹരിതഭവനം പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകം	1-33
66	പട്ടികജാതി വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് വിതരണത്തിൽ കുറവ്	1-34
67	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 30,07,686/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-35

68	അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ	1-36
69	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് - യാത്ര ബത്ത അനുവദിച്ചിട്ടില്ല	1-37
70	മാർക്കറ്റ് പ്രവർത്തിക്കുന്നില്ല - നവീകരിച്ച ടോയ്‌ലെറ്റുകൾ ഉപയോഗശൂന്യം - 1,90,936/- രൂപ തടസ്സപ്പെടുത്തുന്നു -	1-38
71	ശ്മശാനം - ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായില്ല	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17.05.2025 ലെ 3(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അരുവിക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും

അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അരുവിക്കര** ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

<u>1-1-1 അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല</u>

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 14/16.06.25 ന് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് തയ്യാറാക്കാത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

<u>1-1-2 തൻവർഷത്തെ വരവുചെലവു കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല</u>

തൻവർഷത്തെ വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ വിശദാംശം (പഞ്ചായത്ത് ഫണ്ട്) ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-3 കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് B-1 Schedule പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വിശദാംശം ചുവടെ

ഹെഡ് കോഡ്	2023-24 വർഷത്തെ B-1 Scheduele പ്രകാരം നീക്കിയിരിപ്പ്	2024-25 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ്
310900101	-14036800	-8523559

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) ട്രയൽ ബാലൻസ് സിസ്റ്റം ജനറേറ്റഡ് ആണെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട് . എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) തുടർവർഷങ്ങളിൽ കെ സ്മാർട്ട് മുഖേന വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിനാൽ സ്റ്റോക്ക് മൂല്യനിർണയം നടത്തി ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നത. അപാകത പരിഹരിക്കേണ്ടതാണ്.

1-1-5 പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2025 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) ഐ.എൽ.ജി.എം.എസ്

സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്

1-1-6 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-7 ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രെഡിറ്റ് ബാലൻസ് (നീക്കിയിരിപ്പ് നെഗറ്റീവ്) രേഖപ്പെടുത്തിയിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൗണ്ട്	കാലയളവ്
IDBI BANK (0046104000261425)	2024-11-08 To 21.12.2024

	28.01.25 To 04.02.25
KERALA GRAMIN BANK (40695101090356)	05.10.24 To 13.01.25
Indian Bank (778807292)	26.06.24 To 23.01.25

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) ബാങ്കിൽ ക്രഡിറ്റ് ചെയ്യിട്ടുള്ള തുകകൾ രസീത് ചെയ്യിട്ടുള്ളത് 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലാണെന്നും ആയതിനാലാണ് ബാങ്കുകളിൽ ക്രഡിറ്റ് ബാലൻസ് കാണിച്ചതെന്നുമാണ് അറിയിച്ചിരിക്കുന്നത്.

1-1-8 Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം-

Income & Expenditure Statement Abstract Report ൽ Prior Period Income 140821/- [I-19 ഷെഡ്യൂൾ പ്രകാരം], Prior Period Expense 261092/- [I-18 ഷെഡ്യൂൾ പ്രകാരം] എന്നിങ്ങനെയാണ്. Prior Period Items -ന്റെ Net Difference [I 19- I 18] (120271)/- രൂപയാണ്. ആയതിനാൽ Gross Surplus Of Income Over Expenditure After Prior Period Items എന്നത് 438291/- ന് പകരം 678833/- [240542/-രൂപ കൂടുതൽ] ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) Prior Period Income And Expenditure തുകകളുടെ Net Difference സിസ്റ്റം ജനറേറ്റഡ് ആണെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-9 ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

Secured Loans From KURDFC (RP 31) ഇനത്തിൽ തൻവർഷം 53,12,658/- രൂപ വാർഷിക കണക്കു പ്രകാരം വരവുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 48,72,658/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. KURDFC ലോൺ ഇനത്തിലെ വരവുചെലവു കണക്കുകൾ പരിശോധിക്കുന്നതിന് ലോൺ രജിസ്റ്റർ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) ലോൺ രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. ലോൺ ഇനത്തിലെ വരവുചെലവുകണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-10 ഡിമാന്റ് രേഖപ്പെടുത്താതെ കളക്ഷൻ സ്വീകരിച്ചിരിക്കുന്നു

ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Rent Receivables From Buildings (Current) എന്നയിനത്തിൽ -296722 എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം നെഗറ്റീവ് ഫിഗർ വരാനുണ്ടായ കാരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) മേൽ തുക അക്രൂവൽ ചെയ്യാൻ വിട്ടുപോയതാണെന്നും അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-11 ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

RP(40b) പ്രകാരം TRY (OLD A/C) അക്കൗണ്ടിലെ നീക്കിയിരിപ്പ് 24,727/- രൂപയാണ്. ആയതിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) മേൽ അക്കൗണ്ട് നിർജ്ജീവമായതിനാൽ സ്റ്റേറ്റ്മെന്റ് ലഭിക്കുന്നില്ലായെന്നും മുൻ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുടർന്നുപോരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർജീവമായ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-1-12 അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

Indian Bank (5764547173), State Bank Of India (67381517482) എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) Indian Bank ന്റെ അക്കൗണ്ട് നമ്പർ ഐഎൽജിഎംഎസ്സിൽ രേഖപ്പെടുത്തിയപ്പോൾ ആദ്യത്തെ 3 ഡിജിറ്റ് കഴിഞ്ഞ് 4 എന്ന നമ്പർ തെറ്റായി വന്നു പോയതാണെന്നും യഥാർത്ഥ അക്കൗണ്ട് നമ്പർ 576547173 നിലനിർത്തി 5764547173 എന്ന അക്കൗണ്ട് ഡിലീറ്റ് ചെയ്ത് നൽകുന്നതിന് ഐ.കെ.എം ന് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. State Bank Of India (67381517482) എന്ന അക്കൗണ്ട് MGNREGS ന് വേണ്ടി തുടങ്ങിയതാണെന്നും നാളിതുവരെ ബാങ്ക് ഇടപാടുകൾ ഇല്ലാത്തതിനാലാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്തതെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഐ.കെ.എം ന് നൽകിയ

കത്തിന് തുടർനടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. നിർജീവമായ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-1-13 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തംആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബാലൻസ്	
	AFS പ്രകാരം	രജിസ്റ്റർ പ്രകാരം
Rent Receivables From Building (Current)	-296722	298434

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) പ്രസ്തുതയിനത്തിൽ ബാലൻസ് ആയി ലഭിക്കാനുള്ള തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വാർഷിക കണക്കുകളിലെ തുകകളും വാടക രജിസ്റ്ററിലെ സംക്ഷിപ്തംആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

1-1-14 Liability In Respect Of Stale Cheques-(350800101) തുകകൾ ക്രമീകരിക്കുന്നില്ല

350800101 -Liability In Respect Of Stale Cheques എന്ന ഹെഡിൽ നീക്കിയിരിപ്പായി 2,05,662/- രൂപ അവശേഷിക്കുന്നു. ആയതിൽ മൂന്ന് വർഷം കാലാവധി കഴിഞ്ഞ തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട വച്ച് തീരുമാനമെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-15 Receivables Of Redemption – തുകകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ (431500199) - Receivables Of Redemption എന്ന ഹെഡിൽ 4,691,291/- രൂപ അവശേഷിക്കുന്നു. എന്നാൽ Redemption ഇനത്തിൽ തൻവർഷം തിരികെ കിട്ടാനുള്ള തുക ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 3,988,925/- രൂപയാണ്. B-15 ഷെഡ്യൂളിൽ മുൻവർഷങ്ങളിലെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 702366/- രൂപയും തൻവർഷത്തെ 3,988,925/- രൂപയും കൂടി ചേർത്തുള്ള തുകയാണ് 4,691,291/- രൂപ Receivables Of Redemption എന്ന ഹെഡിൽ കാണുന്നതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) മറുപടിയായി അറിയിച്ചിരിക്കുന്നത്. മുൻവർഷങ്ങളിലെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 702366/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-16 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(ഇ) പ്രകാരം ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ പ്രതിമാസം ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-17 നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകകൾ വാർഷികകണക്കിലെ അഡ്വാൻസ് ഹെഡിൽ (B-18) ഉൾപ്പെടുത്തിയിട്ടില്ല.

നിക്ഷേപപ്രവൃത്തികൾക്കായി കെ.എസ്സ്.ഇ.ബി യ്ക്ക് 30,499/- രൂപ പദ്ധതി നം. 365/24-25- വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക വാർഷിക കണക്കിലെ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) നിക്ഷേപപ്രവൃത്തികൾക്കായി കെ.എസ്സ്.ഇ.ബി യ്ക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിക്കാൻ വിട്ടുപോയതാണെന്നും അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-18 വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

Income & Expenditure സ്റ്റേറ്റ്മെന്റിലെ Prior Period Income – Property Tax, എന്ന ഹെഡ് മുഖേന 1,14,220/- രൂപ വസ്തു നികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) സഞ്ചയ ഡിസിബിയിലെ മുൻവർഷത്തെ കുടിശ്ശിക തുകകളും തൻവർഷത്തെ കുടിശ്ശികയും തമ്മിലുള്ള വ്യത്യാസം ക്രമീകരിക്കുന്നതിനാണ് ഇപ്രകാരം ചെയ്തതെന്നാണ് അറിയിച്ചിരിക്കുന്നത്. വസ്തു നികുതി ഡിമാന്റിൽ കുറവ് ചെയ്തതിന് സാധുകരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-19 Property Tax On Residential Building , Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ

ഇനം	കളക്ഷൻ (അഡ്വാൻസ് കളക്ഷൻ 2023-24 ഉൾപ്പെടെ		ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ)	
	വാർഷിക ധനകാര്യ പത്രിക	സഞ്ചയ	വാർഷിക ധനകാര്യ പത്രിക	സഞ്ചയ
Property Tax On Residential Building-Current	2869756+7020= 2876776	2874059	710508	708201
Property Tax On Non Residential Building-Current	1597+2391553= 2393150	2386922	325863	305374

സഞ്ചയ ഡിസിബിയിൽ കളക്ഷൻ തുകയുടെ കൂടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക കൂടി ഉൾപ്പെടുത്തിയാണ് വാർഷികകണക്കിൽ കളക്ഷൻ ആയി രേഖപ്പെടുത്തിയതെന്നാണ് ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) മറുപടിയായി അറിയിച്ചിരിക്കുന്നത്. എന്നാൽ ബാലൻസ് വിവരങ്ങൾ പൊരുത്തപ്പെടാത്തതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-20 MGNREGS - ചെലവു കണക്കുകൾ എ.എഫ്.എസും ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

A) ക്യാഷ്ബുക്കു പ്രകാരം MGNREGS ഭരണ ചെലവുകൾ 20,40,542/- രൂപയാണ്. ലെഡ്ജർ പരിശോധിച്ചതിൽ ആയത് വാർഷിക ധനകാര്യപത്രികയിൽ I-6 ഷെഡ്യൂളിലാണ് ബുക്ക് ചെയ്തിരിക്കുന്നത്.

B) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക ധനകാര്യപത്രിക പ്രകാരം 4,86,57,105/- രൂപയാണ്. എന്നാൽ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആയത് 4,66,24,000/- രൂപയാണ് അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) വാർഷിക ധനകാര്യപത്രികയിലെ Total Poverty Alleviation (Head Code-253100101) എന്ന ഹെഡിൽ ഭരണ ചെലവുകൾക്കായി റീകൂപ്പ് ചെയ്തിട്ടുള്ള 20,33,105/- രൂപയും EFMS വഴി ഗുണഭോക്താക്കൾക്ക് നൽകിയ 4,66,24,000/- രൂപയും ഉൾപ്പെടെ 4,86,57,105/- രൂപയാണ് വന്നിട്ടുള്ളതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഭരണ ചെലവുകൾക്കായി ചെലവഴിച്ച തുക ക്യാഷ്ബുക്കുമായി പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-1-21 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ I-9 ഷെഡ്യൂളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 2020 മുതലുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കമ്മിറ്റി തീരുമാനമെടുത്ത്

തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-1-22 ബാധ്യതാ ഹെഡുകളിലെ നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റിലെ B-2 ഷെഡ്യൂൾ പ്രകാരം Distress Relief Fund ഇനത്തിൽ 2025 മാർച്ച് 31ൽ നീക്കിയിരിപ്പായി 51,263/- അവശേഷിക്കുന്നു. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം Distress Relief Fund കൈകാര്യം ചെയ്യുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ള Co-Operative Bank-7904-ാം നമ്പർ ബാങ്ക് അക്കൗണ്ടിൽ ₹ 34,822/- രൂപയാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്. ടി വ്യത്യാസത്തിന് കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-23 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റിലെ I-19 ഷെഡ്യൂൾ - 190200401 Prior Period Income - Other Income എന്ന ഹെഡിൽ 49,836/- രൂപ 31.03.25 ന് Development Fund - Central Finance Commission Grant - Basic Tax Grant എന്ന ഇനത്തിൽ ജേണൽ (42401795) ചെയ്തിരിക്കുന്നു. എന്നാൽ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) Development Fund - Central Finance Commission Grant - Basic Tax Grant മായി ബന്ധപ്പെട്ട അക്കൗണ്ടിലെ മുന്നിരിപ്പും B4-ഷെഡ്യൂൾ പ്രകാമമുള്ള CFC Basic Grant ഉം തമ്മിൽ 49,836/- രൂപയുടെ വ്യത്യാസം ഉണ്ടായിരുന്നുവെന്നും 2011 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം (79) പ്രകാരം നിർദ്ദേശിക്കപ്പെട്ട കാലാവധി അവസാനിച്ചാൽ ബാങ്ക് പൊരുത്തപ്പെടാതെ അവശേഷിക്കുന്ന ഇനങ്ങൾ സെക്രട്ടറി പഞ്ചായത്തിന്റെ അക്കൗണ്ട് പുസ്തകങ്ങളിലേക്ക് തിരിച്ചെഴുതി ചേർക്കേണ്ടതാണെന്ന വ്യവസ്ഥ പ്രകാരമാണ് വ്യത്യാസം വന്ന തുകകൾ Prior Period Income - Other Income എന്ന ഹെഡിൽ ഉൾപ്പെടുത്തി ക്രമീകരിച്ചുവെന്നാണ് അറിയിച്ചിരിക്കുന്നത്.

1-1-24 വാർഷികധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ

1) ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20.06.25) ഇ-ടെണ്ടർ ഫീ ഇനത്തിൽ തുകകളോന്നും ലഭിച്ചിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ 01.04.23 മുതൽ 31.03.24 വരെയുള്ള കാലയളവിലെ 67770/- രൂപയുടെയും 01.04.24 മുതൽ 31.03.25 രെയുള്ള കാലയളവിലെ 84975/- രൂപയുടെയും ചെക്ക് 19.06.25ന് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ടെന്നാണ് എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ അറിയിച്ചിരിക്കുന്നത്. ആയത് കിട്ടാനുള്ള തുകയായി 2024-25 വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) 350110103 -Employee Liabilities - Unpaid Salaries എന്നയിനത്തിൽ 1752/- രൂപ അവശേഷിക്കുന്നതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ (തിരികെ നൽകിയതിന്റെയും) ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) സെക്രട്ടറിയുടെ സാലറിയിൽ നിന്നും LIC ഇനത്തിൽ കിഴിവ് ചെയ്തിട്ടുള്ള 1752/- രൂപ LIC കാലാവധി പൂർത്തിയായതിനാൽ മാർച്ച് മാസം അടവാക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്നും കെ സ്മാർട്ടിൽ തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

3) Head Code 320800101, Beneficiary Contribution ഇനത്തിന്റെ ലഡ്ജർ പ്രകാരം 11,86,439/- രൂപ മുന്നിരിപ്പായി ബുക്ക് ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഏത് വർഷത്തെ പ്രോജക്ടിനു വേണ്ടി പിരിച്ചെടുത്തതാണെന്നും പ്രസ്തുത തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) 2021 വർഷത്തെ നീക്കിയിരിപ്പായി 1084026/- രൂപ കാണുന്നുണ്ടെന്നും ആയതിനുശേഷം ജലജീവൻ പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി 78,800/- രൂപ ഒടുക്കുവരുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. കമ്മിറ്റി തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-2-1 ബജറ്റ് രൂപീകരണം - അപാകങ്ങൾ

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനപൽ ഖണ്ഡിക 3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് പ്രസംഗം, ബജറ്റ് കുറിപ്പുകൾ (Annexure 6), പെർഫോമൻസ് ബജറ്റ് (Annexure 10) എന്നീ പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പെർഫോമൻസ് ബജറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനപൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാനപൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ

വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാനവൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനവൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/17.06.25) വരും വർഷങ്ങളിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കുന്നതാണെന്നും നടപടി ക്രമങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിൽ, 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ്, ബജറ്റ് മാനവൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-2 ബജറ്റ്

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
പാസ്സാക്കിയ തീയതി	09.02.24	29.03.25
തീരുമാനം	1/1	1(2)
മുന്നിരിപ്പ്	1765725	1761658
വരവ്	309156258	574889593
ആകെ	310921983	576651251
ചെലവ്	307801856	578406923
നീക്കിയിരിപ്പ്	3120127	-1755672*

*പുതുക്കിയ ബജറ്റ് പ്രകാരം നീക്കിയിരിപ്പ് നെഗറ്റീവാണ് . ഇത്തരത്തിൽ കമ്മി ബജറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

(രസീത് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	52661936
ഓഡിറ്റ് വർഷത്തെ വരവ്	81108397
ആകെ	133770333
ഓഡിറ്റ് വർഷത്തെ ചെലവ്	83973709
നീക്കിയിരിപ്പ്	49796624

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ	ചെലവ്	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	92,90,349	71,99,502	77.49
	പട്ടിക ജാതി	0	0	0
സേവനം	പൊതുവിഭാഗം	17,70,64,753	7,90,97,416	44.67
	പട്ടിക ജാതി	1,95,54,184	67,20,944	34.37
പശ്ചാത്തലം	പൊതുവിഭാഗം	3,07,73,818	1,94,64,154	63.25
	പട്ടിക ജാതി	6,03,900	1,47,419	24.41

-സേവന മേഖലയിലും പശ്ചാത്തല മേഖലയിലും പട്ടിക ജാതി വിഭാഗത്തിന് വകയിരുത്തിയ തുക ഭാഗികമായി പോലും ചെലവഴിച്ചിട്ടില്ല.

- പട്ടികജാതി വിഭാഗത്തിന് ഉല്പാദനമേഖലയിൽ തുക വകയിരുത്തിയിട്ടില്ല

2)സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ

കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം(%)
വനിത ഘടക പദ്ധതി	21,98,258	10,03,555	45.65
കുട്ടികൾ	12,15,297	9,71,100	79.91
വൃദ്ധർ	19,35,580	14,17,459	73.23
ഭിന്നശേഷിയുള്ളവർ	16,66,521	11,41,313	68.48
അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ	75,000	17,910	23.88

3) Beneficiary Contribution ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 11,90,909/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

ഹെഡ്ഡ് കോഡ്	ഇനം	തുക
320200305	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes	80,00,000
320200307	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly	9,74,871

320300199	Grants, Funds & Contributions For Specific Purposes - Other Government Agencies	3,05,324
320400199	Grants, Funds & Contributions For Specific Purposes - Other Financial Institutions	12,17,916

5) വിവിധ ഫണ്ട് ഇനത്തിൽ, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

	എ.സി.ആർ പ്രകാരം ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (I 6+ Corresponding Capital Contribution)
വികസനഫണ്ട് (ജനറൽ)	2,47,39,716	3,05,58,468 +1,74,010 = 3,07,32,478
വികസനഫണ്ട് (എസ്.സി.പി)	45,99,836	51,61,483
മെയിന്റനൻസ് ഫണ്ട് (റോഡ്)	1,22,19,546	3,99,267+1,22,19,546 = 1,26,18,813
മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)	2,26,41,258	1,532,087+2,07,09,904= 2,22,41,991
വികസന ഫണ്ട് (CFC Tied)	80,18,715	4,367,659+28,62,247 = 72,29,906
വികസന ഫണ്ട് (CFC Untied)	44,60,100	30,79,306+12,78,586= 43,57,892

6) സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾക്ക് അടങ്കൽ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/20.06.25) വനിതാഘടക പദ്ധതിയിൽ പൂർത്തിയാക്കാത്ത പദ്ധതികൾ സ്പിൽ ഓവർ ആയി നടപ്പിലാക്കുന്നുണ്ടെന്നും Beneficiary Contribution ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ തൻവർഷം ചെലവഴിക്കാൻ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിച്ച് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കൂടാതെ 23-24 ലെ ക്യൂ ബില്ലുകൾ

എക്സ്പെൻഡിച്ചർ ആയത് തൻവർഷത്തെ സുലേഖ ചെലവ് പത്രികയിലും വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെടുന്നതിനാലാണ് എ.സി.ആറും വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസം വരുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	24740798	30732478	-5991680
വികസനഫണ്ട് (എസ് സി പി)	0	5111353	5161483	-50130
മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്)	0	22654000	22641258	12742
മെയിന്റൻസ് ഗ്രാന്റ് (റോഡ്)	0	12266000	12219546	46454
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	0	13365535	8018715	5346820
ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied)	0	5629049	4460100	1168949
സംസ്ഥാ നാവിഷ്കൃത ഫണ്ട്	0	0	20331500	-20331500
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	2136179	-2136179

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.

2) വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ(സി.എസ്.എസ്), മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി ആസൂത്രണം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴികെ)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	14	14	0	2293601	2293601	100
വെറ്ററിനറി സർജൻ	8	8	0	2437400	2391058	98.1
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	18	16	2	10738521	8640957	80.47
മെഡിക്കൽ ഓഫീസർ-ഹോമിയോ	3	3	0	550000	476449	86.63

മെഡിക്കൽ ഓഫീസർ-ആയുർവേദം	4	4	0	1945000	1945000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25	16	9	108497336	32856781	30.28
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	16	15	1	5956587	5130050	86.12
സെക്രട്ടറി	34	26	8	21105560	18467402	87.5
ഹെഡ്മാസ്റ്റർ	12	11	1	3646399	3249264	89.11
അസിസ്റ്റൻറ് എൻജിനീയർ	142	100	42	71223255	30874019	43.35
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	3200000	2462159	76.94
അസി.സെക്രട്ടറി	25	22	3	5653345	3822695	67.62
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1	1	0	40000	20000	50

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	37788206	30732478	81.33
എസ്.സി.പി.	6396077	5161483	80.7
ധനകാര്യ കമ്മിഷൻ അവാർഡ്	21618422	12478815	57.72
കേന്ദ്രാവിഷ്കൃത ഫണ്ട്	14732000	2136179	14.5

സംസ്ഥാനാവിഷ്കൃത ഫണ്ട്	66480000	20331500	30.58
തനത് ഫണ്ട്	11056977	1576743	14.26
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	7761111	1053306	13.57
മറ്റ് ജില്ലാ പഞ്ചായത്ത്	25905000	2144979	8.28
മെയിന്റനൻസ് റോഡ്	14393272	12219546	84.9
മെയിന്റനൻസ് നോൺ റോഡ്	25738041	22641258	87.97
മറ്റുള്ളവ	121566905	13352565	10.98

2) പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
303	237	66	230682595	112629435	48.82

1-6-1 സാമൂഹ്യ സുരക്ഷ പെൻഷൻ - ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നില്ല

സ.ഉ.(പി)നം18/98/തൊഴിൽ തീയതി 16.04.1998 പ്രകാരം പുറപ്പെടുവിച്ച 1998 ലെ കേരളകർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ ചട്ടം 7(സി) പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനത്തിൽ ലഭിച്ചതും അനുവദിച്ചതും നിരസിച്ചതും ആയ അപേക്ഷകളുടെ ഒരു രജിസ്റ്റർ ഫോറം 4 ൽ സൂക്ഷിക്കേണ്ടതും ലിസ്റ്റ് ഗ്രാമസഭയിൽ വായിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ നം PAN/2021/2019-DBT-1(DP) സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ പുതുതായി അനുവദിച്ചവരുടെയും നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇപ്രകാരം അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കാനായി നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (30/19.06.25) സാമൂഹ്യസുരക്ഷാപെൻഷനുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റികളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി പഞ്ചായത്ത് കമ്മിറ്റിയിൽ പാസ്സാക്കിയതിനുശേഷമാണ് പെൻഷൻ അനുവദിക്കുന്നതെന്നും വരുന്ന സാമ്പത്തിക വർഷം മുതൽ സാമൂഹ്യസുരക്ഷാപെൻഷൻ അനുവദിക്കുന്നവരുടെയും നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	3,308,000	194
വിധവാപെൻഷൻ	24,701,900	1678
വാർദ്ധക്യകാല പെൻഷൻ	49,433,500	3680
വികലാംഗ പെൻഷൻ	7,275,600	477
50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ	1,115,200	72
വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	210,000	7

1-7 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2025തീയ്യതിയിൽ 2.30 PMസമയത്ത് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2554/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. എം.ഒ.പി പാലിച്ചുകൊണ്ട് ഫയലുകൾ കൈകാര്യം ചെയ്തുവരുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നൽകി ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റൊട്ടേഷൻ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഡ്യൂട്ടിചാർട്ട് കൊടുത്തിട്ടുണ്ട്.

കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിംഗ് കൂടുകയും, മിനിട്ട്സ് രേഖപ്പെടുത്തുകയും ചെയ്തുവരുന്നു.

കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി കാലികമാക്കിയിട്ടില്ല.

ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും, ജോയിൻ ചെയ്യുന്ന തീയതി, വിടുതൽ ചെയ്യുന്ന തീയതി എന്നിവ കൃത്യമായി എഴുതേണ്ടതും, പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ കൂടി ഇൻകുംബൻസി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനിട്ട്സുകൾ യഥാസമയം എഴുതുകയും, വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ഫയലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യപത്രിക പ്രകാരം

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	15,303	21,88,115	22,03,418	20,40,542	1,62,876
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	4,86,57,105	4,86,57,105	4,86,57,105	0

A) ക്യാഷ്ബുക്കു പ്രകാരം MGNREGS ഭരണ ചെലവുകൾ 20,40,542/- രൂപയാണ്. ലെഡ്ജർ പരിശോധിച്ചതിൽ ആയത് വാർഷിക ധനകാര്യപത്രികയിൽ I-6 ഷെഡ്യൂളിലാണ് ബുക്ക് ചെയ്തിരിക്കുന്നത്.

B) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക ധനകാര്യപത്രിക പ്രകാരം 4,86,57,105/- രൂപയാണ്. എന്നാൽ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആയത് 4,66,24,000/- രൂപയാണ് അവ തമ്മിൽ

പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-1-20 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	30.03.2022	2020-21	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.08.2022	2019-20	30.05.2023

1-11 തൊഴിൽ നികുതി- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധവിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങളും ഓഡിറ്റ് എൻക്വയറി (നം.7/തീ.16.06.2025)ക്ക് ലഭ്യമായ മറുപടികളും ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1) ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം	സ്വീകരിച്ച നടപടി
Sub Group Office & Devasom Board Neyyattinkara	1&2	25.04.2025ന് 2% പിഴ സഹിതം ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ട്
Sub Group Office- Ulloor Devasom Office Aruvikkara	1&2	25.04.2025ന് 2% പിഴ സഹിതം ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ട്

പിഴ സഹിതം നികുതി അടവാക്കുന്ന മുറയ്ക്ക് രസീത് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന വിമുക്തഭടന്മാർക്ക് തൊഴിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ പേര് (വിമുക്തഭടൻ)	നികുതി ഒഴിവാക്കിയ അർദ്ധവർഷം	അർദ്ധവാർഷിക വരുമാനം
Indian Bank	Sanalkumar	1&2	രേഖപ്പെടുത്തിയിട്ടില്ല
	Deepak C	1&2	

പ്രസ്തുത വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് 17.06.2025 ന് കത്ത് നൽകിയതിനെ തുടർന്ന് 1987 ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവാണ് പരിശോധനക്ക് ലഭ്യമാക്കിയത്. എന്നാൽ കേ.പ.രാ.(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമോ തുടർന്നുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമോ തൊഴിൽ നികുതി ഇളവ് അനുവദിച്ചിട്ടില്ലാത്തതിനാൽ തുക ഈടാക്കി രസീത് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 പ്രകാരം റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻകടകൾക്കും തൊഴിൽ നികുതി അടവാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ഉത്തരവിന്മേൽ ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടെന്ന് കട ഉടമകൾ അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. ബഹു.ഹൈക്കോടതിയുടെ തുടർനടപടകൾക്കനുസൃതമായി നടപടി സ്വീകരിച്ച് തൊഴിൽ നികുതി കുടിശ്ശികയുണ്ടെങ്കിൽ ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-12-1 വസ്തു നികുതി പരിഷ്കരണം- നടപടികൾ പൂർത്തിയാക്കിയില്ല

വസ്തു നികുതി സംബന്ധിച്ച് ചുവടെ പറയുന്ന വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം 17/17.06.2024) ക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി ഉദ്യോഗാർത്ഥികളെ നിയമിക്കുകയും 10 വാർഡിന്റെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ടെന്നും നിലവിൽ സഞ്ചയ സോഫ്റ്റ് വെയറിൽ 9E വിവരശേഖരണഫോറം ലഭ്യമാകുന്നില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന വാർഡുകളുടെ വിവരശേഖരണം പൂർത്തിയാക്കുന്നതാണെന്നും മറുപടി

നൽകി. വിവരശേഖരണവും ഡാറ്റാ എൻട്രിയും അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും ചട്ടങ്ങൾ) ചട്ടം 17 പ്രകാരം വസ്തുനികുതി നിർണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനുള്ളിൽ കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുതുക്കി നിർണയിക്കേണ്ടതുമാണ്. റിട്ടേൺ സമർപ്പിക്കാത്ത പക്ഷം പിഴ ചുമത്താവുന്നതുമാണ്. ഇപ്രകാരം റിട്ടേൺ സമർപ്പിച്ചവരുടെ വിവരം, നികുതി പുനർനിർണയിച്ചവരുടെ വിവരം, പിഴ ചുമത്തിയതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ അപേക്ഷകൾ ലഭ്യമായിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന വാർഡുകളുടെ വിവരശേഖരണം പൂർത്തിയായെങ്കിൽ മാത്രമേ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് മറുപടി നൽകിയത്. മറുപടി അംഗീകരിക്കാവുന്നതല്ല. അപേക്ഷകളിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വസ്തുനികുതി പുതുക്കി നിർണയിക്കേണ്ടതാണ്. വിവരശേഖരണം പൂർത്തിയായ വാർഡുകളിൽ ഇപ്രകാരം പിഴ ചുമത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അവശേഷിക്കുന്ന വാർഡുകളിൽ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് റിട്ടേൺ സമർപ്പിക്കാത്തവർക്കെതിരെ പിഴ ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

3) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല. വിവരശേഖരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതാണെന്ന് മറുപടി നൽകി.

4)നികുതി കുടിശ്ശിക ഈടാക്കാൻ RR നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ RR പോർട്ടൽ മുഖേന നല്കിയ ശിപാർശകളുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് 01.04.2025 ന് KSMART നിലവിൽ വന്നതിന് ശേഷം 2024-25 രണ്ടാം അർദ്ധവർഷം ഉൾപ്പെടെയുള്ള കെട്ടിട നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായിരുന്നില്ലെന്നും സോഫ്റ്റ് വെയർ അപ്ഡേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് RR പോർട്ടൽ മുഖേന റവന്യൂ റിക്കവറി നടപടികൾ

സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. 2024-25 സാമ്പത്തിക വർഷം 01.04.2025 ന് മുമ്പ് നികുതി കുടിശ്ശിക ഈടാക്കാൻ RR നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഇല്ലെങ്കിൽ ആയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

1-12-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്

1) പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശികയുമുൾപ്പെടെയുള്ള തുകകൾ ഈടാക്കുവാനുണ്ട്.

ക്രമ നം	വാർഡ് നം/ കെട്ടിട നം	ഉടമസ്ഥന്റെ വിവരം	നികുതി അടവാക്കുവാനുള്ള കാലയളവ്	കുടിശ്ശിക (ലൈബ്രറി സെസ്സ് ഉൾപ്പെടെ)
1	2/579/1	റിലയൻസ് കമ്മ്യൂണിക്കേഷൻസ്	2021-22 മുതൽ 2024-25 വരെ	108128
2	13/277/2	റിലൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	2021-22 മുതൽ 2024-25 വരെ	85466
3	19/206/A	റിലയൻസ് ഇൻഫ്രാറ്റൽ ലിമിറ്റഡ്	2021-22 മുതൽ 2024-25 വരെ	70636

2) കെട്ടിട നമ്പർ7/14/1, 19/415/2 എന്നീ മൊബൈൽ ടവറുകളുടെ വിവരം DE Started എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകയറി(നം.33/19.06.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതും കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-12-3 പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയ കാലയളവിലെ ഡിമാന്റ് ഒഴിവാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അപേക്ഷകൾ ലഭിക്കുമ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കിയതിനുശേഷം അപേക്ഷ ലഭിച്ചതിന്റെ മുൻകാലയളവ് മുതലുള്ള ഡിമാന്റ് സഞ്ചയയിൽ നിന്നും ഒഴിവാക്കി നൽകുന്നുണ്ട് . മേൽ സാഹചര്യത്തിൽ വസ്തു നികുതി പിരിച്ചെടുത്ത കാലയളവിലെ ഡിമാന്റും സഞ്ചയയിൽ നിന്നും ഒഴിവാകുന്നു (ഡിമാന്റ് പൂജ്യം ആകുന്നു). ഇക്കാരണത്താൽ നികതി പിരിവ് ശതമാനത്തിൽ തെറ്റായ വർദ്ധനവും കാണപ്പെടുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ സഞ്ചയ ഡി.സി.ബി റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ഡിമാന്റില്ലാതെയാണ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളത്.

വാർഡ്/ കെട്ടിട നം	അപേക്ഷ തീയതി	**കളക്ഷൻ തുക (ലൈബ്രറി സെസ് ഉൾപ്പെടെ)**	**രസീത് നം**	**തീയതി**
3/160	02.07.2024	377	1240101106	02/07/2024
6/251/B	30.04.2024	783	1240100248	29/07/2024
10/264/A	08.07.2024	152	1240101189	06/07/2024
20/499	10.06.2024	20	1240100810	10/06/2024
16/73	24.07.2024	32	1240101534	13/08/2024

അപാകം സംബന്ധിച്ച ഓഡിറ്റ് എൻകയറി(നം.33/19.06.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-12 വസ്തു നികുതി -അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-13 തനതുവരുമാനം ഈടാക്കുന്നതിൽ വൻ കുടിശ്ശിക- വികസനഫണ്ട് കുറവ് ചെയ്തിട്ടുണ്ട്

2024-25 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും കെട്ടിട നികുതി തൻവർഷം 710508/-, അരിയർ 525310/-, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും തൻവർഷം 325863/- അരിയർ 456517/- എന്നിങ്ങനെ തുകകൾ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2024-25 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1625/2025/ ധന തീയതി 20-02-2025 പ്രകാരം ലഭ്യമാക്കിയതിൽ, മുൻവർഷം തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 310440/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷവും തനതു വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് കാരണം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് 1% കുറവ് ചെയ്തിട്ടുണ്ട്. തനതുവരുമാനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നത് ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.27/18.06.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. തനതുവരുമാനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ മാർഗങ്ങൾ കണ്ടെത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1-14-1 യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മെഷീനറി ഫീസ് ഈടാക്കിയില്ല

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17, 18, പട്ടിക

3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തേക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകരുടെ പേര്	സ്ഥാപനത്തിന്റെ പേര്	ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി (PCB Certificate പ്രകാരം)	ഈടാക്കേണ്ട ഫീസ് (രൂപ)
1	ശ്രീകണ്ഠൻ നായർ	ശ്രീബാല ഹോളോബ്രിക്സ്	10.5 HP	200
2	ബിബിൻ ദാസ്	ബിനു ഫ്ലവർ മിൽ	7.5 HP	100
3	അൻഷാർ എ	New Simple Engineering Works	2 HP	50
4	നാസ്മി എൻ	അറഫ ഹോളോബ്രിക്സ്	5 HP	50
5	റഫീഖ് എ	റയ്യാൻ ഫ്ലവർമിൽ	10 HP	100
6	പ്രജിത്ത് ജെ പി	ലക്ഷ്മി ഫ്ലവർമിൽ	12 HP	200

2) കൂടാതെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 വർഷം ലൈസൻസെടുത്ത ചുവടെ പറയുന്ന സമാനമായ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കി വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	അപേക്ഷകരുടെ പേര്	സ്ഥാപനത്തിന്റെ പേര്
1	16/455	മിഥുൻ മോഹൻ	Spark Engineering

2	19/215B	ലൈല ബീവി	TT Flour Mill
3	19/603	A ഹസൻകണ്ണ്	റജബ് മിനി കോക്കനട്ട് ഓയിൽ മിൽ
4	12/192D	സോഫിയ സലിം	Azwa Hollowbricks
5		മോളി ആർ	ചന്തു ഹോളോബ്രിക്സ്
6	2/311	സുദർശനൻ ജി	ഹിമ ഫ്ലവർമിൽ
7	19/752	ഗോപാലകൃഷ്ണൻ നായർ	അമ്മ ഫ്ലവർമിൽ
8		നസീമ ബീവി	സഫാ ഹോളോബ്രിക്സ്
9	9/347B	പ്രമോദ് ജി വി	P&P Hollowbricks
10	19/512	ഷാജഹാൻ	SS Flour Mill
11	18//508	സുശീലദേവി	പ്രകാശ് ഫ്ലവർമിൽ
12	4/379	ശശിധരൻ നായർ	ഫ്ലവർമിൽ
13	3/398	ജനാർദനൻ നായർ	കുമാര ഓയിൽ മിൽ
14	19/714	അസ് ലം	ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്
15	3/543	അജീഷ് കുമാർ	ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്
16	15/440	ബിന്ദു എസ്	ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്
17	13/11	ഷീബ എസ്	ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്

3) ലൈസൻസ് അനുവദിച്ച ക്രഷർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനായി യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല.

ക്രമ നം.	അപേക്ഷകരുടെ പേര്	ക്രഷർ യൂണിറ്റിന്റെ പേര്	ഈടാക്കിയ ലൈസൻസ് ഫീസ്	ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി (PCB Certificate പ്രകാരം)
1	പി വി സുരേഷ് കമാർ	Travancore Blue Metal Industries Pvt Ltd	15000/-	2879 HP
2	കുര്യാക്കോസ് എം ജേക്കബ്	G Sand	10500/-	340 HP
3	എൻ വിനോദ് ലാൽ	Meta Rock Pvt Ltd	6000/-	830 HP

ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുമ്പോൾ Machinery Fee ഉൾപ്പെടുത്തുന്നതിനുള്ള ഓപ്ഷൻ ILGMS സോഫ്റ്റ് വെയറിൽ ഇല്ലാതിരുന്നതിനാലാണ് മെഷീനറി ഫീസ് ഡിമാന്റ് ചെയ്യാതിരുന്നതെന്നും പരാമർശത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് 2025-26 വർഷത്തെ ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ 2024-25 വർഷത്തെ മെഷീനറി ഫീസ് കൂടി Other Fees എന്ന ഹെഡിൽ ഈടാക്കുന്നതാണെന്ന് മറുപടി നൽകി. മെഷീനറി ഫീസ് ഈടാക്കി രസീത് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14-2 പൗൾട്രി ഫാമുകൾക്ക് ലൈസൻസ്- നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നില്ല

2012 ലെ കേ.പ.രാ. (ലൈഫ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈഫ് സ്റ്റോക്ക് ഫാമുകൾ/ പൗൾട്രി ഫാമുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് ലഭ്യമാക്കേണ്ടതാണ്. ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ ഫാറം 2 മാതൃകയിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം, ലഭ്യമായ ഭുവിസ്തൃതി, കെട്ടിടങ്ങളുടെ വിവരണം, മാലിന്യങ്ങൾ കൈയൊഴിയുന്നതിന് സ്വീകരിച്ച മാർഗങ്ങൾ എന്നിവ ഉൾപ്പെടുത്തി നൽകേണ്ടതും നിബന്ധനകൾ പാലിക്കുന്നുണ്ടെങ്കിൽ

സെക്രട്ടറി ലൈസൻസ് അനുവദിക്കേണ്ടതും സ്ഥല പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 ലൈസൻസ് രജിസ്റ്റർ, അപേക്ഷ(ILGMS) എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഫാമുകളുടെ ലൈസൻസ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് FACTEOS ലൈസൻസിനുള്ള അപേക്ഷയുടെ മാതൃകയിലാണ്.

കെട്ടിട നമ്പർ	അപേക്ഷകന്റെ പേര്	ഫാമിന്റെ പേര്
15/148 B	അനിരുദ്ധൻ എസ്	ANS പൗൾട്രി ഫാം
18/395B	ജാസ്മിൻ ഗ്ലോറി	SJ പൗൾട്രി ഫാം
-	സുനിൽ തോമസ്	മുളയറ കോഴി ഫാം

ഗ്രാമപഞ്ചായത്തിൽ ഫാം നടത്തുന്നതിനുള്ള അപേക്ഷാഫോറം 2 ഇല്ലാതിരുന്നതിനാലാണ് ഫാക്ടറികൾക്കു വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള അപേക്ഷാഫോറം നൽകിയതെന്നും ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തി പൗൾട്രി ഫാമുകൾ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. ചട്ടങ്ങൾ അനുശാസിക്കുന്ന മാതൃകയിലുള്ള അപേക്ഷാ ഫാറങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-14 ലൈസൻസ്- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങളും ഓഡിറ്റ് എൻക്വയറി (നം.20/ തീ.18.06.2025)ക്ക് ലഭ്യമാക്കിയ മറുപടികളും ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-15 മരങ്ങൾ/ പാഴ് വസ്തുക്കളുടെ ലേലം- തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ മുറിച്ചുമാറ്റിയ മരങ്ങളുടെയും പാഴ് വസ്തുക്കളുടെയും ലേലം സംബന്ധിച്ച് ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി(നം.8/16.06.2025)ക്ക് ലഭ്യമാക്കിയ മറുപടികളും ഓഡിറ്റ് നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

1) ഭഗവതിപുരം- തോട്ടുമുക്ക് – മലയം പ്രദേശത്ത് അപകടാവസ്ഥയിലുള്ള ഉദിമരം മുറിച്ച്

ലേലം ചെയ്യുന്നതിന് 21.11.2024 ന് സോഷ്യൽ ഫോറസ്ട്രിയിൽ നിന്ന് 1456/- രൂപയുടെ വാല്യുവേഷൻ ലഭിച്ചിട്ടുള്ളതാണ്. ആയതിന്മേൽ ലേല നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻകവയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലത്തുകയുടെ 5% വനവികസന നികുതിയും 18% ജി എസ് റ്റി യും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ലേല നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ലേലനോട്ടീസ്, ലേല ഡയറി, ലേലം സ്ഥിരപ്പെടുത്തിയ തീരുമാനം, തുക ഒടുക്കിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) 11.06.2024 ലെ ഭരണസമിതി യോഗം അജണ്ട 9 തീരുമാനം 8 പ്രകാരം മണമ്പൂർ വാർഡിൽ കുമ്പളമ്മൂട് പുറമ്പോക്കു ഭൂമിയിൽ ഗുരുതരാവസ്ഥയിലുള്ള ഈട്ടി മരം മുറിക്കുന്നതിനു മുന്നോടിയായി സോഷ്യൽ ഫോറസ്ട്രിയുടെ വാലുവേഷൻ റിപ്പോർട്ടു വാങ്ങുന്നതിന് പഞ്ചായത്തു സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാല്യുവേഷൻ ലഭ്യമാക്കാൻ കത്ത് നൽകിയിരുന്നില്ലായെന്നും എത്രയും വേഗം കത്ത് നൽകുന്നതാണെന്നും ഓഡിറ്റ് എൻകവയറിക്ക് മറുപടി നൽകി. അടിയന്തിരമായി വാല്യുവേഷൻ ലഭ്യമാക്കി ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) കൊക്കോതമംഗലം വാർഡിലെ കുമാരൻ നായർ എന്ന വ്യക്തിയുടെ വസ്തുവിലുള്ള തേക്കു മരം മുറിച്ചു മാറ്റുന്നതിന് ബഹു ജസ്റ്റിസ് ശ്രീ പി.എസ് ഗോപിനാഥൻ ഓംബുഡ്സ്മാൻറെ ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും വാലുവേഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും ലേലവും പുനർലേലവും നടത്തുകയും ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തെങ്കിലും ആരും ലേലം കൈപ്പറ്റുവാൻ തയ്യാറായിരുന്നില്ല. പരാതിക്കാരിയുടെ ജീവനും സ്വത്തിനും ഭീഷണിയായി നിന്ന മരങ്ങൾ മുറിച്ചുമാറ്റാൻ വസ്തുവിന്റെ ഉടമക്ക് നോട്ടീസ് നൽകിയതിന് പ്രതികരണം ഇല്ലാതിരുന്നതിനാൽ 20.12.2024 ന് മരക്കൊമ്പുകൾ പോലീസ് സഹായത്തോടെ മുറിച്ചുമാറ്റിയതായി അറിയിച്ചിട്ടുണ്ട്. മരം മുറിക്കുന്നതിനുള്ള ചെലവ് പഞ്ചായത്തു തനതു ഫണ്ടിൽ നിന്നും വഹിക്കുന്നതിനും സ്വകാര്യ വ്യക്തിയുടെ വസ്തുവായതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 (1) അനുശാസിക്കും പ്രകാരം റവന്യൂ റിക്കവറിയിലൂടെ ടി തുക തിരികെ ഈടാക്കുന്നതിനും 11.06.2024 ലെ ഭരണസമിതി യോഗം അജണ്ട 9 തീരുമാനം 7 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. മരക്കൊമ്പുകൾ മുറിക്കുന്നതിന് തനതുഫണ്ടിൽ നിന്ന് ചെലവായ തുകയുടെയും ടി തുക വസ്തു ഉടമയിൽ

നിന്ന് ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) 11.06.2024 ലെ ഭരണസമിതി യോഗം അജണ്ട 9 തീരുമാനം 5 പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിലെ മൈലം ഗവ.എൽ.പി സ്കൂളിൽ ശേഖരിച്ചിട്ടുള്ള ഇ വേസ്റ്റ്, ഉപയോഗശൂന്യമായ ആസ്ബസ്റ്റോസ് ഷീറ്റ്, ജനൽപാളികൾ ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രധാനാധ്യാപികയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാഴ് വസ്തുക്കളുടെ വാല്യുവേഷൻ നിലവിൽ ലഭ്യമായിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻകയറിക്ക് മറുപടി നൽകി. വാല്യുവേഷൻ നിർണയിക്കുന്നതിനും പാഴ് വസ്തുക്കൾ ലേലം ചെയ്യുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-16 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

1) ഗ്രാമ പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

കടമുറി	വാടകക്ക് എടുത്ത വ്യക്തി	അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ	മാസവാടക+18% GST (രൂപ)	കുടിശ്ശിക
അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ്				
കടമുറി 1	അരുണ, നിഷ ഭവൻ	ഒക്ടോബർ 2023 മുതൽ മാർച്ച് 2024 വരെ	3168/- + GST 570/-	19008/- + GST 3420/-
		ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	3326/- + GST 599/-	39912/-+ GST 7188/-
കടമുറി 5,6	മുഹമ്മദ് സലിം	ഫെബ്രുവരി 2025-മാർച്ച് 2025	7954/- + GST 1432/-	15908/- + GST 2864/-
കടമുറി 7	മുഹമ്മദ് ഇസ്മയിൽ	ആഗസ്റ്റ് 2024 മുതൽ മാർച്ച് 2025 വരെ	2281/- + GST 411/-	18248/- + GST 3288/-

കടമുറി 8	മുഹമ്മദ് ഹനീഫ	2021-22, 2022-23, 2023-24		55020/- + GST 9904/-
		ഏപ്രിൽ2024- ഫെബ്രുവരി 2025 (കടമുറി ഒഴിഞ്ഞതിനാൽ മാർച്ചിലെ വാടക ഒഴിവാക്കി)	3364/- + GST 606/-	37004/- + GST 6666/-
കടമുറി 13	സുകുമാരൻ നാടാർ	2021-22, 2022-23, 2023-24		68622/- + GST 12352/-
		ഏപ്രിൽ2024- മാർച്ച് 2025	2281/- + GST 411/-	27372/- + GST 4932/-
കടമുറി 14	മുഹമ്മദ് ഹനീഫ	2022-23 (കടമുറി ഒഴിഞ്ഞതിനാൽ കമ്മിറ്റി തീരുമാനപ്രകാരം 2023-24, 2024-25 വർഷങ്ങളിലെ വാടക ഒഴിവാക്കി)		36750/- + 6615/-
കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ്				
കടമുറി 1	മോഹനചന്ദ്രൻ	2023-24		53/-
		ആഗസ്റ്റ് 2024 മുതൽ മാർച്ച് 2025 വരെ	1544/- + GST 273/-	12352/- + GST 2184/-
കടമുറി 2	രാജൻ	2023-24		6300/-
		ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	1323/-+ GST 238/-	15876/- + GST 2856/-
കടമുറി 3	രാധമ്മ	ഫെബ്രുവരി 2025-മാർച്ച് 2025	1093/- + GST 197/-	2186/- + GST 394/-

കടമുറി 6	യുവ സ്പോർട്സ് & ആർട്സ് ക്ലബ്	2019-20, 2020-21, 2021-22, 2022-23, 2023-24		24687/- (24.01.25 ലെ 19(9) നമ്പർ തീരുമാനപ്രകാരം 10000/- രൂപ മാത്രം അടവാക്കിയാൽ മതിയെന്ന് തീരുമാനിച്ചു)
		ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	563/-	6756/-
കടമുറി 7	ലതാകുമാരി	ആഗസ്റ്റ് 2024 മുതൽ മാർച്ച് 2025 വരെ	832/- + GST 150/-	6656/- + GST 1200/-
കടമുറി 9, 10	ഷാജി, കുന്നുവിള വീട്	2023-24		13008/- + GST 2341/-
		ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	1138/- + GST 205/-	13656/- + GST 2458/-
കടമുറി 11	അജികുമാർ	2021-22, 2022-23, 2023-24		25,340
		ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	1021/- + GST 184/-	12252/- + GST 2208/-
കടമുറി 15	വിൽസൺ	2019-20, 2020-21, 2021-22, 2022-23, 2023-24		40,010/-
		ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	928/- + GST 167/-	11136/- (DCB പ്രകാരം 10208/-) + GST 2004/-
അരുവിക്കര മാർക്കറ്റ് കോംപ്ലക്സ് 2	ശശികുമാർ	സെപ്റ്റംബർ 2024 മുതൽ മാർച്ച് 2025 വരെ	506/- + GST 91/-	3542/- + GST 637/-

2) അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 12, കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 4,12,13,14എന്നിവ ഒഴിഞ്ഞുകിടക്കുന്നു.
3) വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കെ കുടിശ്ശികകാർക്ക് തന്നെ കടമുറികൾ വീണ്ടും വാടകയ്ക്ക് നൽകുന്നു.

മേൽ സൂചിപ്പിച്ച കടമുറികളുടെ വാടക കുടിശ്ശിക അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ഷോപ്പിംഗ് കോംപ്ലക്സിലെ 1, 8, 14, കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സിലെ 15 നമ്പർ കടമുറികൾ ആവശ്യമില്ലെന്ന് വാടകക്കാർ സമർപ്പിച്ച അപേക്ഷ കമ്മിറ്റി അംഗീകരിക്കുകയും റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. റവന്യൂ റിക്കവറി നടത്തുന്നതിന് പ്രസ്തുത വ്യക്തികളുടെ വസ്തു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ വില്ലേജ് ഓഫീസർക്ക് 17.03.2025, 30.05.2025 തീയതികളിൽ കത്ത് നൽകിയിട്ടുണ്ടെന്നും ആയതു ലഭ്യമായാലുടൻ തുക ഈടാക്കുന്നതിന് ഓൺലൈൻ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി (നം.11/16.06.2025) ന് മറുപടി നൽകി. അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലം റിംഗ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതിനാൽ ഭാവിയിൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടി വരുമെന്നതിനാലും കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവായതിനാലും ആരും ലേലം ചെയ്ത് ഏറ്റെടുക്കാൻ തയ്യാറല്ലെന്നും നിലവിലുള്ള വാടകക്കാർ തവണകളായി കുടിശ്ശിക തുക അടവാക്കുന്നവരായതിനാൽ അവരെ ഒഴിവാക്കിയാൽ പഞ്ചായത്തിന് നിലവിലെ വരവ് കൂടി നഷ്ടപ്പെടുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. (അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കി.)

കടമുറികളുടെ വാടക കുടിശ്ശിക ജി എസ് റ്റി യും പിഴത്തുകയുമടക്കം ഈടാക്കി തുടർവിവരങ്ങൾ രസീത് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ആദായകരമല്ലാത്തതിനാൽ ലേലം നടക്കുന്നില്ല

അരുവിക്കര ഗ്രാമപഞ്ചായത്തിലെ അരുവിക്കര മാർക്കറ്റ്, കാച്ചാണി മാർക്കറ്റ് എന്നിവയിലെ ഗേറ്റ് പിരിവിനുള്ള അവകാശം ലേലവും പുനർലേലവും ചെയ്യാൻ ശ്രമിച്ചെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ലെന്നാണ് ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജനങ്ങൾ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാൽ മാർക്കറ്റിലേക്ക് ആളുകൾ വരാറില്ലെന്നും മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ആദായകരമല്ലാത്തതിനാലാണ് ആരും ലേലത്തിൽ പങ്കെടുക്കാത്തതെന്നുമാണ് ഓഡിറ്റ് എൻകചയറി(നം.12/16.06.2025) ന് മറുപടി ലഭ്യമാക്കിയത്. മാർക്കറ്റുകളിലെ അടിസ്ഥാനസൗകര്യം വികസിപ്പിച്ചും അനധികൃതമായ വഴിയോരകച്ചവടങ്ങൾ നിയന്ത്രിച്ചും മാർക്കറ്റുകൾ പ്രവർത്തനക്ഷമമാക്കി ഗേറ്റ് ഫീസ് പിരിച്ചെടുക്കുന്നതിലൂടെ പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-18 വഴിയമ്പലം- ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടം പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്നു

അരുവിക്കര ഗ്രാമപഞ്ചായത്തിലെ ഡാം സൈറ്റിൽ ജില്ലാപഞ്ചായത്ത് ജനകീയാസൂത്രണം 2017-18 പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വഴിയമ്പലം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് (എ.ഇ. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ) പ്രതിമാസം 2500/- രൂപ വാടക ചുമത്തി തനിമ എന്ന പേരിൽ തട്ടുകട നടത്തുന്നതിന് സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ശ്രീമതി കെ. ഉഷ, ദേവഗിരി കുടുംബശ്രീ, അരുവിക്കര എന്ന വ്യക്തിക്ക് 26.06.2024ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 3(2) പ്രകാരം അനുവാദം നൽകിയിരുന്നു. ടി കെട്ടിടത്തിന് മുമ്പുണ്ടായിരുന്ന വാട്ടർചാർജ് കുടിശ്ശിക 13,365/-രൂപ ടിയാൾ ഒടുക്കിയതിനാൽ പ്രസ്തുത തുക 01.08.2024 മുതൽ ആദ്യ 5 മാസത്തെ വാടകയായി കണക്കാക്കുന്നതിനും പിന്നീടുള്ള മാസങ്ങളിൽ പ്രതിമാസ വാടകക്കുപുറമെ വാട്ടർചാർജ്, വൈദ്യുതി ചാർജ് എന്നിവ ഉൾപ്പെടെ ഒടുക്കുന്നതാണെന്നും കരാർ വെച്ചിട്ടുള്ളതാണ്. എന്നാൽ അനധികൃതനിർമ്മാണം നടത്തിയതിനാലും ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ നിയമാനുസൃത ലൈസൻസ് ഇല്ലാത്തതിനാലും പ്രസ്തുത വ്യക്തിയുമായുള്ള കരാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.05.2025ലെ ജെസി4/3370/2024 നമ്പർ ഉത്തരവ് പ്രകാരം റദ്ദുചെയ്തിട്ടുള്ളതായി ഓഡിറ്റ് എൻകചയറി 29/19.06.2025 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം 05.06.2025 ന് മുമ്പായി കടമുറി ഒഴിയേണ്ടതാണ്. 19.06.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം

ഒഴിഞ്ഞുകിടക്കുന്നതായി ബോധ്യപ്പെട്ടു. 2025 ജനുവരി മുതലുള്ള വാടകകുടിശ്ശിക, വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവ ശ്രീമതി. ഉഷ എന്ന വ്യക്തിയിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. വഴിയമ്പലം അടിയന്തിരമായി പ്രവർത്തനസജ്ജമാക്കി വാടക ഇനത്തിൽ പഞ്ചായത്തിന്റെ തനതുവരുമാനത്തിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>1-19 കരാർ ജീവനക്കാർ/ ദിവസവേതന ജീവനക്കാർ- നിയമനം</u>

അരുവിക്കര ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലേയും കരാർ/ദിവസവേതന ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി(നം 22/18.06.2025)ക്ക് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

1. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

മുഖേന ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി.രമ്യ ആർ.എസിനെ 2024 ജൂലൈ 10ന് നിയമിച്ചു.

2. പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ 31.03.2025 ന് നിയമന കാലാവധി പൂർത്തിയായ ശ്രീമതി. പ്രിയ പി. യെ GO(P)No.54/2025Fin തീ.19.04.2025 കത്തിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ 1 ന് സർവീസ് ബ്രേക്ക് നൽകിയ ശേഷം 17.05.2025 ലെ 2(13) നമ്പർ ഭരണസമിതി തീരുമാനപ്രകാരം കരാർകാലാവധി ദീർഘിപ്പിച്ചു നൽകി

3. സിദ്ധ ആയുർവേദ ഡിസ്പെൻസറി പാർട്ട് ടൈം അറ്റന്റർ തസ്തികയിൽ ശ്രീമതി.റഫീക്കാബീഗത്തിന് 2025 മാർച്ച് 11ന് സർവീസ് ബ്രേക്ക് നൽകി 30.04.2025ലെ 2(2)തീരുമാനപ്രകാരം 27.10.2025 വരെ കരാർകാലാവധി ദീർഘിപ്പിച്ചു നൽകി.

4. സർക്കാരിന്റെ 10.03.2025 ലെ Lsgd-Ibi/3/2025-LSGD നമ്പർ കത്ത് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീജിത്ത് എൽ.എ. യുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ സർക്കാർ അന്തിമതീരുമാനം എടുക്കുന്നതുവരെ സേവനത്തിൽ തുടരാൻ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണസമിതി തീരുമാനത്തിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

1-20 സ്ലൈഡർ ഊഞ്ഞാൽ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകത - 20,300/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	184/25
പദ്ധതിയുടെ പേര്	എൽ.പി . യു.പി സ്കൂളുകളിൽ സ്ലൈഡർ, ഊഞ്ഞാൽ സ്ഥാപിക്കൽ
അടങ്കൽ	350000/-
ചെലവ്	342986/-
ബിൽ നം./തീയതി	1534/ 9.5.24 – 146994/- 1538/9 .5.24 – 97996/- 1539/9.5.24 – 97996/-

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്

അരുവിക്കര ഗ്രാമപഞ്ചായത്തിന് കീഴിലുള്ള 6 സ്കൂളുകളിലെ കുട്ടികൾക്ക് വേണ്ടി സ്ളൈഡും, ഊഞ്ഞാലും വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. തൻവർഷം മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരമുള്ള തുക ചെലവഴിച്ച് CARMEL BUILDERS AND FIBROTECH INDUSTRIES PVT LTD, Kollad P.O, Kottayam എന്ന സ്ഥാപനത്തിൽ നിന്നും 7 – Slider, 7- Swing എന്നിവ വാങ്ങിയിട്ടുണ്ട്. ഇ – ടെൻഡർ മുഖേന വാങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ആയത്പ്രകാരം താഴെപ്പറയുന്ന 4 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട്.

1) DELTA ENGINEERING SYSTEMS – 322686.00 (L1)

2) CARMEL BUILDERS AND FIBROTECH INDUSTRIES PVT LTD – 342986.00 (L2)

3) City World - 348950 .00 (L3)

4) INSAD N - 357000.00 (L4)

എന്നിങ്ങനെയാണ് സ്ഥാപനങ്ങൾ തുക രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ DELTA ENGINEERING SYSTEMS എന്ന സ്ഥാപനത്തെ ഒഴിവാക്കി CARMEL BUILDERS AND FIBROTECH INDUSTRIES PVT LTD എന്ന സ്ഥാപനത്തിൽ നിന്നുമാണ് സ്ലൈഡറും , ഊഞ്ഞാലും വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിൽ നിന്നും സ്ലൈഡറും, ഊഞ്ഞാലും വാങ്ങാനുണ്ടായ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 21 /25 തീയതി : 18.06.2025) മേൽപ്പറഞ്ഞ ടെൻഡറുകളും, അവയുടെ സാമ്പിളുകളും പരിശോധിച്ചതിൽ L1 ആയ DELTA ENGINEERING SYSTEMS നൽകിയ സാമ്പിൾ പരിശോധിച്ചതിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ട് L2 ആയ CARMEL BUILDERS AND FIBROTECH INDUSTRIES PVT LTD ൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയോട് അഭ്യർത്ഥിക്കുകയും, കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് വാങ്ങിയതെന്നുമാണ് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

DELTA ENGINEERING SYSTEMS, CARMEL BUILDERS AND FIBROTECH INDUSTRIES PVT LTD എന്നീ രണ്ട് സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ തുകകൾ തമ്മിൽ 20,300/- രൂപയുടെ വ്യത്യാസം ഉണ്ട്. L1 ന്റെ ഗുണനിലവാരം പരിശോധന സംബന്ധിച്ച റിപ്പോർട്ടും, പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ടി വിവരങ്ങൾ/രേഖകൾ

ഹാജരാക്കുന്നതുവരെ, ഏറ്റവും കുറവ് തുക കാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കുക വഴി പഞ്ചായത്തിന് അധികമായി ചെലവിടേണ്ടിവന്ന 20,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-21 മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. 3,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പദ്ധതി നം.	S0054/25
പദ്ധതിയുടെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹3,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്	₹3,00,000/-
ബിൽ നം./ തീയതി	359/17.10.2024
നിർവ്വഹണം	മെഡിക്കൽ ഓഫീസർ - ഹോമിയോ

2024-25 സാമ്പത്തിക വർഷത്തേയ്ക്ക് അരുവിക്കര ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം 3,00,000/- രൂപ (പ്രെഫോർമ ഇൻവോയിസ് നം. PF-105 തീ. 24.07.2024, UTR No. RBI3202435028851 തീ. 14.11.2024) കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) നൽകിയിരുന്നു. ഈ പദ്ധതിക്കായി 14.11.2024-ന് തുക കൈമാറിയിരുന്നുവെങ്കിലും നാളിതുവരെ മരുന്നുകളൊന്നും ഡിസ്പെൻസറിയിലേക്ക് ലഭ്യമായിട്ടില്ല. ഫയൽ പരിശോധിച്ചപ്പോൾ മരുന്നുകൾ എത്രയും പെട്ടെന്ന് അയച്ചു തരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ/നിർവ്വഹണോദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ-ക്ക് 02.01.2025 (നം.01/2025/01D04), 15.05.2025 (നം.30A/2025/01D04) എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുള്ളതായി കാണുന്നു.

നിലവിലെ സാഹചര്യത്തിൽ ഡിസ്പെൻസറിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിന് ആവശ്യമായ മരുന്നുകൾ മതിയായ അളവിൽ ഉണ്ടോ എന്നും, മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് കാരണവും, മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/13.06.25) 2023-24 സാമ്പത്തിക വർഷത്തെ 5,00,000/- രൂപയുടെ മരുന്നിൽ ലഭിക്കാനുണ്ടായിരുന്ന 2,80,577/- രൂപയുടെ മരുന്നുകൾ 08.02.2025-നാണ് ലഭിച്ചതെന്നും [ഇൻവോയിസ് നം. LF-2447 തീ. 06.02.2025] ഈ മരുന്നുകൾ കൊണ്ട് ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നു എന്നും മറുപടി നൽകി.

തൻവർഷത്തെ പദ്ധതി പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുക കൈമാറിയിട്ടും മരുന്നുകൾ ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതിലൂടെ ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുവാൻ സാധ്യതയുണ്ട്. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ 3,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

1-22 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്/ മോണിട്ടറിങ്ങ് സിസ്റ്റം - ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

പദ്ധതി നം.	S0199/25
പദ്ധതിയുടെ പേര്	ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്
അടങ്കൽ	₹2,04,900/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹2,04,900/-
ബിൽ നം./ തിയതി	143/25.07.2024
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/

	ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് ക്യൂ.ആർ കോഡ് പതിച്ചുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ സർവ്വീസ് ചാർജ് ഇനത്തിൽ 1,35,700/- രൂപയും എസ്.എം.എസ് ചാർജ് ഇനത്തിൽ 7,200/- രൂപയും ക്യൂ.ആർ കോഡ് ഇനത്തിൽ 12,000/- രൂപയും, ലാപ്പ്ടോപ്പ് തുക 50,000/- രൂപയും കൂടി ആകെ 2,04,900/- രൂപയാണ് പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണിന് 23.08.2024ൽ നൽകിയിട്ടുള്ളത്.

അരുവിക്കര ഗ്രാമപഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്/ മോണിട്ടറിങ്ങ് സിസ്റ്റം നിലവിൽ എപ്രകാരം ആണ് പ്രവർത്തിക്കുന്നതെന്നും, സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം ആപ് വഴിയുള്ള മോണിട്ടറിങ്ങ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനും, പ്രസ്തുത മോണിട്ടറിങ്ങിനായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും, സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റിക്ക് റിപ്പോർട്ട് നൽകുകയോ ആയത് ആരോഗ്യസ്റ്റാന്റിങ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടും, ആരോഗ്യസ്റ്റാന്റിങ് കമ്മിറ്റിയുടെ മിനുട്ട്സും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [38/20.06.25] മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടും ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടിയും ലഭ്യമാക്കേണ്ടതാണ്.

1-23 ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

സ.ഉ.(എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013-ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7-ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക

തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
2018-19 വർഷം മുതലുള്ള ലൈഫ് അകചിറ്റൻസ് രജിസ്റ്റർ (എസ് സി, ജനറൽ) പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

<u>രജിസ്റ്റർ – 1</u>

ഗുണഭോക്താവിന്റെ പേര്	അവസാനം തുക കൈപ്പറ്റിയത്	ആകെ കൈപ്പറ്റിയത്
പത്മാവതി	11.08.2023	3,00,000
സുനിത വി	11.8.2023	3,00,000
ശോഭ കെ	11.08.2023	3,00,000
സുപ്രഭ സി	28.3.2023	3,00,000
സന്തോഷ്	28.03.2023	3,00,000
സിന്ധു ബി	27.02.2023	2,40,000
സുമേഷ് എസ് എസ്	27.02.2023	3,00,000
പ്രതീഷ് കെ	27.02.2023	2,80,000
ഉഷാകുമാരി	7.12.2022	2,00,000
വത്സല	07.12.2022	2,00,000
അശ്വതി ബി	7.12.2022	2,40,000
ശോഭന ആർ	22.12.2021	40,000
ഷാജി എൽ	9.8.2021	40,000
മിനിമോൾ	9.8.2021	1,40,000
അപർണ്ണ	9.8.2021	40,000
രാജൻ എം	9.8.2021	40,000

<u>രജിസ്റ്റർ – 2</u>

ഗുണഭോക്താവിന്റെ പേര്	അവസാനം തുക കൈപ്പറ്റിയത്	ആകെ കൈപ്പറ്റിയത്

ശ്രീജ ആർ	31.10.2023	40,000
ബിന്ദു ബി	31.10.2023	40,000
വിജയദാസ്	04.09.2023	40,000
മധു	04.09.2023	40,000
നസിറബീവി	18.08.2023	40,000
ശ്രീജ	18.08.2023	40,000
സത്യൻ	22.06.2023	40,000
ഓമന ഇ	22.06.2023	40,000
അജിത	08.05.2023	40,000

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [38/20.06.25] മറുപടി നൽകിയില്ല.

ലൈഫ് ഭവന പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയിട്ടുള്ള ആനുകൂല്യം ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-24 ജനകീയ ഹോട്ടലിനോട് അനുബന്ധിച്ച് മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി

പദ്ധതി നം.	S0196/25
പദ്ധതിയുടെ പേര്	ജനകീയ ഹോട്ടലിനോട് അനുബന്ധിച്ച് മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

അടങ്കൽ	₹33,448/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹33,000/-
ബിൽ നം./ തീയതി	(1) 283/25.09.2024
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിൽ മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഒന്നാം കക്ഷിയായും, തിരുവനന്തപുരം ജില്ലയിൽ വഴുതക്കാട്, എം.പി. അപ്പൻ റോഡിൽ പ്രവർത്തിച്ചു വരുന്ന ബയോടെക് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ രണ്ടാം കക്ഷിയായും പഞ്ചായത്ത് തീരുമാന പ്രകാരം 2024 ഫെബ്രുവരി 6ന് കരാർ ഒപ്പിട്ടിട്ടുണ്ട്. ടി ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ തകരാറുകളും വിതരണം ചെയ്യുന്ന തീയതി മുതൽ 2 വർഷം രണ്ടാം കക്ഷി സൌജന്യമായി പരിഹരിച്ച് നൽകുന്നതാണെന്ന് കരാറിൽ പരാമർശമുണ്ട്. 20.02.2024ന് ഇൻവോയിസ് നം. C/315 പ്രകാരം 1.50 ക്യൂബിക് അളവിലുള്ള ബയോഗ്യാസ് പ്ലാന്റ് ഒരെണ്ണം അരുവിക്കര കുടുംബശ്രീ അമ്മ ജനകീയ ഹോട്ടലിൽ വിതരണം ചെയ്തു സ്ഥാപിച്ചു നൽകിയിട്ടുണ്ട്.

ബയോഗ്യാസ് പ്ലാന്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [38/20.06.25] മറുപടി നൽകിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-25 പദ്ധതി ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളിൽ അനുബന്ധ രേഖകൾ പൂർണ്ണമല്ല.

(1)

പദ്ധതി നം.	S0200/25

പദ്ധതിയുടെ പേര്	കക്കൂസ് നിർമ്മാണം
അടങ്കൽ	₹8,22,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	₹1,26,000/-
ബിൽ നം./ തീയതി	(1) 212/14.08.2024 - ₹96,000/- (2) 252/06.09.2024 - ₹30,000/-
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയലുകളിൽ/അപേക്ഷകളിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ എന്നിവ ലഭ്യമല്ല. കൂടാതെ ബാങ്ക് അക്കൗണ്ട് വിവരങ്ങളിൽ പൊരുത്തക്കേടുകളുണ്ട്. ഉദാഹരണമായി ശ്രീ. ജോസഫ് എന്ന ഗുണഭോക്താവിന്റെ അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നം. 6169919508 എന്നും ടിയാന് ആനുകൂല്യം നൽകിയ സാംഖ്യ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നം. 6169919500 എന്നുമാണ്.

(2)

പദ്ധതി നം.	S0133/25
പദ്ധതിയുടെ പേര്	വീട് വാസയോഗ്യമാക്കൽ പട്ടികജാതി
അടങ്കൽ	₹10,00,000/- (വികസന ഫണ്ട് എസ് സി പി)
ചെലവ്	₹4,50,000/-
ബിൽ നം./ തീയതി	714/06.03.2025 – 2,00,000/- 715/06.03.2025 – 1,50,000/- 719/06.03.2025 – 1,00,000/-
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ

	ഓഫീസർ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയലിൽ ഗുണഭോക്താക്കൾ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ എന്നിവ സമർപ്പിച്ചിട്ടില്ല. ഉദാഹരണമായി ശ്രീ. ശശീന്ദ്രൻ കെ, ശ്രീമതി. ലളിത സി, ശ്രീമതി. ഷൈലജ ഒ എന്നീ ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചിട്ടുണ്ട്. മേൽപരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [38/20.06.25] മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-26 ലെഗസി വേസ്റ്റ് നീക്കം ചെയ്യൽ അപാകങ്ങൾ - 10,030/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പദ്ധതി നം.	S0368/25
പദ്ധതിയുടെ പേര്	ലെഗസി വേസ്റ്റ് നീക്കം ചെയ്യൽ
അടങ്കൽ	₹3,00,000/- (തനത് ഫണ്ട്)
ചെലവ്	₹2,31,440/-
ബിൽ നം./ തീയതി	818/14.03.2025 – 1,21,800/- 817/14.03.2025 – 10,030/- 900/24.03.2025 – 99,610/-
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

1. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് യൂണിവേഴ്സൽ ബയോഗ്യാസ് (പി) ലിമിറ്റഡ്, കല്ലുവെട്ടുകുഴി, കോഴിക്കോട് - 673655 എന്ന സ്ഥാപനത്തിന് ആകെ 221410/- രൂപ (ഇൻവോയിസ് നം. UBG/TVM-41/INV/01/2024 തീ.21.01.2025 പ്രകാരം 121800/-, UBG/TVM-41/INV/02/2024 തീ.14.03.2025 പ്രകാരം 99610/-) നൽകിയിട്ടുണ്ട്. ആകെ നൽകിയ 221410/- രൂപയിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി TDS ഈടാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ

ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനും ഇല്ലെങ്കിൽ കാരണം വിശദീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് [38/20.06.25] മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 10,030/- രൂപ [പ്രൊസീഡിംഗ് നം. 1014/14.03.2025] നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവിനാധാരമായ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 10,030/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

1-27 തൊഴിലുറപ്പ് പദ്ധതി

അരുവിക്കര ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച അപാകങ്ങളും ഓഡിറ്റ് അന്വേഷണത്തിന് [38/20.06.25] നൽകിയ മറുപടിയും ചുവടെ ചേർക്കുന്നു.

1. തൻവർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ 11 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ റോഡ് കോൺക്രീറ്റ് പ്രവർത്തികൾ പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നും എടുത്തവയാണെന്നും ടി രേഖകൾ ഫയലിൽ ഇടണമെന്ന് അറിവില്ലായിരുന്നു എന്നും ആസ്തിയുടെ കോപ്പി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകളോടെ ഫയലിൽ ചേർക്കുന്നതാണെന്നും മറുപടി നൽകി.

2. ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം കരാറുടമ്പടി പ്രകാരം ഏൽപ്പിക്കപ്പെടുന്ന പ്രവൃത്തികൾക്ക് നൽകുന്ന തുകയുടെ 1% ആദായ നികുതി ടി.ഡി.എസ് ആയി ഈടാക്കേണ്ടതായിരുന്നു. ആയതിന് ടി.ഡി.എസ് അടയ്ക്കുന്നതിനായി വെണ്ടർമാർക്ക് നൽകിയിരുന്നു എന്നും ടി.ഡി.എസ് അടച്ചവരുടെ വിവരങ്ങൾ രജിസ്റ്ററിലാണ് സൂക്ഷിക്കുന്നതെന്നും മറുപടി നൽകി. ബന്ധപ്പെട്ട വെണ്ടർമാർ എല്ലാവരെക്കൊണ്ടും ടി.ഡി.എസ് അടവാക്കുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഇ-ടെണ്ടർ ഫീ തിരികെ ലഭ്യമായതിന്റെ വിവരം ഫയലുകളിൽ ലഭ്യമല്ല. ആയതിന് ഇ-ടെണ്ടർ ഫീ റീഫണ്ടബിൾ ആണെന്നും ടി തുക ഡോക്യുമെന്റ് ഇവല്യൂഷന് വേണ്ടി

ഈടാക്കുന്നവയാണ് എന്നുമാണ് മറുപടി നൽകിയത്. കൂടുതൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

4. കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെൻ്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ട് ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെൻ്റ് വെക്കേണ്ടതാണ്. എന്നാൽ ഇത് പരിഗണിക്കാതെയും കരാറുകാരിൽ നിന്നും മുദ്രപ്പത്രത്തിൽ എഗ്രിമെൻ്റ് വച്ചിട്ടുണ്ട്. ആയതിന് എല്ലാ എഗ്രിമെൻ്റുകളും 200/- രൂപ പത്രത്തിലാണ് ചെയ്തിരിക്കുന്നത് എന്നും ടി നിയമത്തെ പറ്റിയുള്ള അജ്ഞത കാരണമാണ് ഇങ്ങനെ സംഭവിച്ചത് എന്നും ഇനി ഇത്തരത്തിൽ ഒരു വീഴ്ച ഉണ്ടാവില്ലെന്നും മറുപടി നൽകി. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി എഗ്രിമെൻ്റ് വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

5. 2017-ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുലയമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്ന് 2% തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019-ലെ നമ്പർ 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും നടത്തുന്ന എം.ഐ.എസിൽ ജി.എസ്.ടി തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്നതിന് സൗകര്യം ലഭ്യമാകുന്നതുവരെ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക വെണ്ടർ/സപ്ലെയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബില്ല് സെറ്റിൽ ചെയ്യാവുന്നതും ജി.എസ്.ടി തുക വകുപ്പിൽ യഥാസമയം അടയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതായി ഫയലിൽ രേഖകൾ ലഭ്യമല്ല. ജി.എസ്.ടി ഒടുക്കുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജി.എസ്.ടി ഒടുക്കുവരുത്തുവാൻ വെണ്ടർമാർക്ക് കത്ത് നൽകിയിരുന്നു എന്ന് മറുപടി നൽകുകയും ടി വിഷയവുമായി ബന്ധപ്പെട്ട് 10.10.24ന് സെക്രട്ടറി അയച്ച കത്തിൻ്റെ പകർപ്പ് മറുപടിയോടൊപ്പം ലഭ്യാക്കുകയും ചെയ്തു. തുടർനടപടികൾ സ്വീകരിച്ചതിൻ്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-28 ജനറൽ കമ്മിറ്റി മിനിട്ട്സ് - യോഗ നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കുറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-24 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി	മിനിട്ട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	മിനിട്ട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
09/04/2024	12/07/2024	12/07/2024
30/04/2024	12/07/2024	12/07/2024
14/05/2024	11/07/2024	11/07/2024
27/05/2024	11/07/2024	11/07/2024
11/06/2024	03/10/2024	03/10/2024

01/01/25	04/04/25	04/04/2025
13/01/2025	04/04/25	04/04/2025
03/02/2025	04/04/25	04/04/2025
14/02/2025	24/04/2025	24/04/2025
27/02/2025	24/04/2025	24/04/2025
06/03/2025	24/04/2025	24/04/2025

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 18/17.06.2025) ലഭ്യമാക്കിയ മറുപടിയിൽ 2024 ജനുവരിയിൽ പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ പ്രമോഷനായതിനെതുടർന്ന് എസ്റ്റാബ്ലീഷ്മെന്റ് സെക്ഷന് അധികചുമതല നൽകിയിരുന്നുവെന്നും പഞ്ചായത്ത് ബൈഇലക്ഷൻ, ജില്ലാ പഞ്ചായത്ത് ബൈഇലക്ഷൻ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളും ചെയ്യേണ്ടിയിരുന്നതിനാലും സമയബന്ധിതമായി മിനിട്സ് പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ലായെന്നും വരും വർഷങ്ങളിൽ കാലതാമസം വരുത്താതെ മിനിട്സ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മിനിട്സ് യഥാസമയം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 വാർഷിക വരുമാനം 5 ലക്ഷത്തിൽ കൂടുതലുള്ളവർക്കും സബ്സിഡി ആനുകൂല്യം നൽകി- വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 38696/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	276/24-25
പ്രോജക്ടിന്റെ പേര്	ക്ഷീരകർഷകർക്ക് പാലളവിന് ഇൻസെന്റീവ്
അടങ്കൽ തുക	1200000 (വികസന ഫണ്ട്) 500000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 100000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് തുക	923518 (വികസന ഫണ്ട്) 236426 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 100000 (ജില്ലാ പഞ്ചായത്ത് വിഹിതം)
നിർവഹണ ഉദ്യോഗസ്ഥൻ	ഡയറിഫാം ഇൻസ്ട്രക്ടർ

സ. ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക2.15(Ii) പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം എന്നീ മേഖലകളിലെ ഉൽപ്പാദന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 5 ലക്ഷമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷത്തിൽ കൂടിയിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	റേഷൻകാർഡ് നം.	അനുവദിച്ച തുക
1	ശ്രീന, ചെറുകര വീട്, മുണ്ടേല	1105164452	3664 (24020952005601061521) 12383 (24020952005601061522) 1381 (24020952005601185983)
2	ശശികലാദേവി., ചന്ദ്രകാന്തം, അരുവിക്കര	1105016056	5533 (24020952005601079963)
3	ആർ. ഗണപതിപോറ്റി, ഇടമനമഠം, അരുവിക്കര	11050152114	2097 (24020952005601470599)

4	എസ്.സുരേന്ദ്രൻ, തരണിയിൽ, മഞ്ച	1105210440	10199 (24020952005601079964) 2785 (24020952005601470599)
5	സംഗീതാറാണി, ഷീലാവിഹാർ, മുണ്ടേല	1105201102	5860 (24020952005601061521) 3354 (24020952005601061522) 6521 (24020952005601185983)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/20.06.25) ആർ. ഗണപതിപോറ്റി, എസ്.സുരേന്ദ്രൻ എന്നിവർക്ക് തൻവർഷം നൽകിയ സബ്സിഡി തുകയായ (2097 +12984) 15801/- രൂപ 25.06.25 ന് ട്രഷറിയിൽ ഒടുക്കുവരുത്തിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ശ്രീന, ശശികലാദേവി, സംഗീതാറാണി എന്നിവരുടെ വരുമാന സർട്ടിഫിക്കറ്റുകൾ യഥാക്രമം 14.06.23, 16.02.2019, 04.10.21 എന്നീ തീയതികളിലുള്ളതാണ്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക2.16(I) പ്രകാരം സബ്സിഡി/ ധനസഹായം ലഭിക്കുന്നതിന് ഒരു വർഷ കാലയളവിനുള്ളിൽ വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയ വരുമാന സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കേണ്ടത്. ഗുണഭോക്താക്കളുടെ ആനുകുല്യം കൈപ്പറ്റിയ കാലയളവിലെ കുടുംബവാർഷിക വരുമാനം സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പരിധിക്കുള്ളിൽ ആണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ സബ്സിഡി ആനുകൂല്യം നൽകാവൂ. ക്രമനമ്പർ (1),(2),(5) എന്നീ ഗുണഭോക്താക്കൾ വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ അനുവദിച്ച സബ്സിഡി തുകയായ 38696/- രൂപ തടസ്സപ്പെടുത്തുന്നു.

1-30 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർഉത്തരവ് നമ്പർ ജി.ഒ (പി) 419/2011/ ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ

സമർപ്പിക്കണം. സമയപരിധിക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ജീവനക്കാരിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതും ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അനുവദിച്ച മുൻകൂറുകളിൽ നാളിതുവരെ ക്രമീരിച്ചിട്ടില്ലാത്തവയുടെ വിശദാംശങ്ങൾ (ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം) ചുവടെ ചേർക്കുന്നു.

Sl. No	Item	Amount
1	Festival Advance	34000
2	Advance To Implementing Officers	813068
3	Advance To MGNREGS	1770480

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.06.25) ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ തുകകൾ ക്രമീകരിക്കാൻ കഴിയാത്തതെന്നും കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എംജിഎൻആർഇജിഎസ് ന് നല്കിയ തുകകൾ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

<u>1-31 ഹെൽത്ത് ഗ്രാന്റ് - അവലോകനം</u>

GO (Rt) No. 2132/2022 LSGD ഉത്തരവു പ്രകാരം 5 സ്കീമുകൾ പ്രതിപാദിച്ചിട്ടുള്ളതിൽ മൂന്നു സ്കീമുകളാണ് ഗ്രാമ പഞ്ചായത്തു തലത്തിൽ ബാധകമായത് ഗ്രാമപഞ്ചായത്തിൽ ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻകചയറി 5/13.06.2025 നു ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും ആധാരമാക്കി തയ്യാറാക്കിയത്)

സ്കീം 1) ഗ്രാമ പ്രദേശങ്ങളിലെ കുടുമ്പാരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം - മെഡിക്കൽ ഓഫീസർ)

സ്കീം 3) ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം -മെഡിക്കൽ ഓഫീസർ)

സ്കീം 4) ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കെട്ടിട നിർമ്മാണം (നിർവഹണം -മെഡിക്കൽ ഓഫീസർ)

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (പലിശയിനത്തിലെ തുക ഉൾപ്പെടുത്തിയിട്ടില്ല)

2021-22	627499
2022-23	4280000
2023-24	1063000
2024-25	1143006

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം - 1	സ്കീം - 3	സ്കീം - 4	ആകെ
2021-22	0	417950	208883	626834
2022-23	792555	926942	411531	2131028
2023-24	0	0	25105	25105
2024-25	0	19588	412665	432253

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. (പലിശ ഉൾപ്പെടെ)

കെ എൽ 280 -സ്കീം 1 – 209149/-

കെ എൽ 278 -സ്കീം 3 – 634399/-

കെ എൽ 281 -സ്കീം 4 – 209149/-

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക

2021-22	1. കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും 2. ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ	6268334

പഞ്ചായത്തിന് ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റ് തുകകൾ കാര്യക്ഷമമായി വിനിയോഗിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

1-32 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/ തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

ഓഡിറ്റ് അന്വേഷണം കുറിപ്പ്നം. (6/2024-25, 13.06.2025) ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2020-21 ൽ മാത്രമാണ് സ്ഥാപനം വാട്ടർ അതോറിറ്റിയ്ക്ക് പ്രസ്തുത പദ്ധതിയ്ക്കായി തുക കൈമാറിയിട്ടുള്ളത്, ടി പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥാപനവിഹിതത്തിന്റെ വിവരം (15%)

വർഷം	കൈമാറിയ തുക
2020-21	78800

അരുവിക്കര ഗ്രാമപഞ്ചായത്തിൽ 2020-21 കാലയളവിൽ ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ എന്ന പ്രോജക്റ്റ് (നം. 24/2020-21) 38,25,000/- രൂപ തനത് ഫണ്ട്, മറ്റുള്ളവ - 25,50,000 (ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ) ഉൾപ്പടെ ചേർത്ത് 63,75,000/-രൂപയ്ക്ക്

ഡി.പി.സി അംഗീകാരം ലഭിച്ചിരുന്നു തുടർന്ന് ഗുണഭോക്തൃ വിഹിതം ഇനത്തിൽ 78800/- രൂപ ഗുണഭോക്തൃരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിക്കുകയും പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനത്തിന് ഗണ്യമായ കുറവ് ഉണ്ടാകുകയും ചെയ്തതിനാൽ തനത് ഫണ്ട് വകയിരുത്തിയ ടി പ്രോജക്റ്റ് നടപ്പിലാക്കാൻ സാധിച്ചില്ല എന്നും വരും വർഷമെങ്കിലും ടി പ്രോജക്റ്റ് നടപ്പിലാക്കുമെന്ന സദുദ്ദേശത്തോടുകൂടി 2021-22 ൽ സ്പിൽ ഓവർ പ്രോജക്ടാക്കി മാറ്റിയെങ്കിലും തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ടി പ്രോജക്റ്റ് ആ വർഷവും നപ്പിലാക്കാൻ സാധിച്ചില്ല, എന്നാൽ 2022-23, 2023-24 കാലയളവിൽ വാട്ടർ അതോറിറ്റി നേരിട്ട് എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയതിനാൽ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ടിന്റെ ആവശ്യകതയില്ലായെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെടുകയുണ്ടായി എന്ന് അറിയിച്ചു.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി 80 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട് അരുവിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം എന്ന രണ്ട് പ്രോജക്ടുകൾ 2024-25 ൽ ഡിപിസി അപ്രൂവൽ കിട്ടിയിരുന്നെങ്കിലും നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ പ്രോജക്ട് നം. 224, 208 എന്നിങ്ങനെ രണ്ട് സ്പിൽ ഓവർ പ്രോജക്ടുകളായി 2025-26 ൽ അംഗീകാരം ലഭിച്ചിട്ടുള്ളതും ആയത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതുമാണെന്ന് അറിയിച്ചു.

<u>1-33 ഹരിതഭവനം പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകം</u>

2024-25 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതഭവനം പദ്ധതിയിലെ അപാകം ചുവടെ ചേർക്കുന്നു

പദ്ധതിയുടെ പേരും നമ്പരും	**പ്രോജക്റ്റ് നം.57/2025, ഹരിത ഭവനം**
അടങ്കൽ തുക	140000/- (വികസന ഫണ്ട്),
	140000/- (ജില്ലാഫണ്ട്),
	19400/-ഗുണഭോക്തൃ വിഹിതം (നേരിട്ട് ചിലവഴിക്കുന്നത്)

	ആകെ 358900/-
ചെലവ് തുക	299400/-
ബിൽ/ ചെക്ക് നം, തീയതി	699/19.12.2024 – 51740/- 777/03.01.2025 – 24500/- 883, 84, 85, 886/21.02.2025 – 141826/- 805, 18.01.2025-16434/- 899, 905, 907/06.03.2025 – 45500/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 115/2022/തസ്വഭവ തീയതി 28/05/2022 അനുബന്ധം 2 പ്രകാരമുള്ള ഹരിത ഭവനം എന്റോൾമെന്റ് ഫോറം ഗുണഭോക്താക്കൾ നൽകിയിട്ടില്ല. പൂരിപ്പിച്ച എന്റോൾമെന്റ് ഫോറം ഗുണഭോക്താക്കളിൽ നിന്നും വാങ്ങാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പ് നം. 10/16.06.2025 ന് കൃഷി ഓഫീസർ നൽകിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള എന്റോൾമെന്റ് ഫോറം വാങ്ങണമെന്നുള്ള അറിവില്ലായിരുന്നെന്നും വരും വർഷങ്ങളിൽ ഹരിത ഭവനം പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള എന്റോൾമെന്റ് ഫോറം വാങ്ങി ഫയലിൽ സൂക്ഷിക്കാം എന്ന് അറിയിച്ചു. വരും വർഷങ്ങളിൽ പദ്ധതിയുടെ നിർവ്വഹണം മേൽ അപാകം പരിഹരിച്ച് ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ വേണ്ടി മാർഗ്ഗനിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

1-34 പട്ടികാതി വിദ്യാർത്ഥിക്കുള്ള സേ്ക്കാളർഷിപ്പ് വിതരണത്തിൽ കുറവ്

പദ്ധതിയുടെ പേരും നമ്പരും	**പ്രോജക്റ്റ് നം. 80/2025, പട്ടികാതി വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ്**
അടങ്കൽ തുക	735000/- (വികസന ഫണ്ട് എസ്.സി.പി)
ചെലവ് തുക	735000/-

ബിൽ/ചെക്ക് നം., തീയതി	708,709/21.12.2024 – 165000/- 723/24.12.2024 – 60000/- 752,768/7.01.2025 – 50000/- 809,821,822/27.01.2025 - 165000/- 847,848/6.02.2025 - 40000/- 1051 /18.03.2025-155000/- 1088,1091/ 24.03.2025 – 100000/-

2024-25 സാമ്പത്തിക വർഷം അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പിൽ ചുവടെ ചേർക്കുന്ന കുട്ടിക്ക് അർഹതപ്പെട്ട സേ്ക്കാളർഷിപ്പ് തുക നൽകിയതായി കണ്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 115/2022/തസ്വഭവ തീയതി 28/05/2022 ഖണ്ഡിക 7.2.4 പ്രകാരം മെഡിക്കൽ പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥിനിക്ക് 30000/- രൂപ വരെ സ്കോളർഷിപ്പ് നൽകാം എന്നാൽ 2024-25 സാമ്പത്തിക വർഷം ഗുണഭോക്താ പട്ടികയിലുള്ള നവനി പ്രതാപ് എന്ന മെഡിക്കൽ പഠനം നടത്തുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് തുകയായി 20000/- രൂപ മാത്രമാണ് നൽകിയത്, ഇപ്രകാരം 10000/- രുപയുടെ കുറവ് നൽകാനുണ്ടായ കാരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പ് നം. 28/2025 തീയതി 18.06.2025ന് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ ഏറ്റവും ഒടുവിലാണ് നവനി പ്രതാപ് എന്ന മെഡിക്കൽ പഠനം നടത്തുന്ന വിദ്യാർത്ഥിനി സ്കോളർഷിപ്പിനായി രേഖകൾ സമർപ്പിച്ചത്. രേഖകൾ സമർപ്പിക്കുന്ന സമയത്ത് ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് വിദ്യാർത്ഥിനിക്ക് കുറവ് തുക നൽകാനുണ്ടായ കാരണമെന്ന് അറിയിച്ചു. വരും വർഷങ്ങളിൽ സ്കോളർഷിപ്പിന്റെ അപേക്ഷകൾ പൂർണ്ണമായി സൂക്ഷമ പരിശോധന നടത്തി അർഹിക്കുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക പൂർണ്ണമായും ബജറ്റിന് മുന്നോടിയായി കണക്കാക്കി ആയത് വകയിരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേുണ്ടതാണ്. ഭാവിയിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ നിരക്കിൽ തുക വകയിരുത്തി നിർവ്വഹണം നടത്തേണ്ടതാണ്.

1-35 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 30,07,686/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്റ്റ് നം.	പദ്ധതിയുടെ പേര്	ചെലവ് തുക ഫണ്ടിനം	തുക ഒടുക്കിയ സ്ഥാപനം	ബിൽ നം./ തീയതി
1	5/24-25	ഐ.കെ.എം വിഹിതം ഒടുക്ക്	1,24,603/- വികസന ഫണ്ട്	എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം	811/14.03.2025
2	207/24 (എസ്. ഒ)	ഐ.എസ്.ഒ സർട്ടിഫിക്കേഷൻ	10,000/- വികസന ഫണ്ട്	റ്റാറ്റാ പ്രോജക്റ്റ്സ്	546/27.12.2024
3.	375/24 -25	ഐ.എസ്.ഒ സർട്ടിഫിക്കേഷൻ	30,000/- വികസന ഫണ്ട്	റ്റാറ്റാ പ്രോജക്റ്റ്സ്	812/14.03.2025
4.	365/24 -25	വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	30,499/- വികസന ഫണ്ട്	ഇലക്ട്രിക്കൽ സെക്ഷൻ, ഉഴമലയ്ക്കൽ	547/27.12.2024
5.	150/24 -25	പൈപ്പ് ലൈൻ നീട്ടലും ബൂസ്റ്റർ പമ്പ് സ്ഥാപിക്കലും	28,12,584/- സി.എഫ്.സി	എക്സിക്യൂട്ടീവ് എൻജിനീയർ വാട്ടർ അതോറിട്ടി	803/12.03.202
		ആകെ	**30,07,686**		

1 മുതൽ 3 വരെ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചതിന്റെയും, പൈപ്പ് ലൈൻ നീട്ടലും ബൂസ്റ്റർ പമ്പ് സ്ഥാപിച്ചതിന്റെയും കംപ്ലീഷൻ സർട്ടിഫിക്കേറ്റും ഫയലിൽ ലഭ്യമല്ല. ആയതിനുമേലുള്ള വിശദീകരണം

ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പ് നം. 26/2025 തീയതി 18.06.2025ന് നിർവ്വഹണോദ്യോഗസ്ഥൻ പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ചതിന് ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതുവരെ 30,07,686/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

സ. ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ.8.8.2 (1),(2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നു. കൂടാതെ എംജിഎൻആർഇജിഎസ്, ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുന്നു. തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 3-9-2010 തീയതി യിലെ നമ്പർ 39033/ ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്നും ആവശ്യപ്പെടുന്നുണ്ട്. അരുവിക്കര ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ വിവരം ചുവടെ പറയും പ്രകാരമാണ്

ക്രമ നം.	ഭൗതിക സാഹചര്യം	അങ്കണവാടികളുടെ എണ്ണവും അവയുടെ

		ക്രമ നമ്പരും
1	സ്വന്തം കെട്ടിടമില്ലാത്തവ	9 എണ്ണം
2	വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	6 എണ്ണം
3	ചുറ്റുമതിൽ ഇല്ലാത്തവ	3 എണ്ണം
4	ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ	30 അങ്കണവാടികളിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ല
5 6 7	വൈദ്യുതി കണക്ഷൻ ലഭിക്കാത്തവ കുടിവെള്ള കണക്ഷൻ ഇല്ലാത്തവ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ	0 0 0

പഞ്ചവത്സര പദ്ധതി പ്രകാരം വിഭാവന ചെയ്ത ബാലസൗഹൃദ അങ്കണവാടികളായി നാളിതുവരെ യാഥാർത്ഥമായില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് ഉണ്ടെങ്കിലും എല്ലാ ടോയ്‌ലറ്റുകളും ബാലസൗഹൃദമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ അങ്കണവാടികളുടെ അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ പര്യാപ്തമല്ലാത്തതിനാൽ സർക്കാർ നിർദ്ദേശാനുസരണം അതാത് വർഷം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് സമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 31/25 തീയതി. 19.06.2025).

1-37 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് - യാത്ര ബത്ത അനുവദിച്ചിട്ടില്ല

പദ്ധതിയുടെ പേരും നമ്പരും	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (19/25)
അടങ്കൽ തുക	86400/- (വികസന ഫണ്ട്)
ചെലവ് തുക	86400/-
ബിൽ/ ചെക്ക് നം, തീയതി	944/7.3.25 - 86400/-
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ സി ഡി എസ് സൂപ്പർവൈസർ

അരുവിക്കര ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിൽ സ്ഥിര താമസക്കാരായവരും, ശാരീരിക വെല്ലുവിളികൾ നേരിടുന്നതും, വിദ്യാലയങ്ങളിൽ പോകുന്നതുമായ 17 കുട്ടികൾക്ക് യാത്രാബത്ത ഉൾപ്പെടെ സ്കോളർഷിപ്പ് നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് സ്കോളർഷിപ്പും, ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്തയും (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ചലന വൈകല്യമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാ ബത്ത നൽകിയിട്ടില്ല.

ക്രമ നം.	പേര്	പഠിക്കുന്ന ക്ലാസ്സ്	നൽകേണ്ട യാത്രാ ബത്ത
1.	ആതിര.എ	12	400 X 10 = 4000
2.	റിയാൻ.എസ്.ജെ	LKG	400 X 10 = 4000
3.	ബിബിൻ.ബി.ബിജു	12	400 X 10 = 4000
4.	ഐശ്വര്യ.ഡി.എ	9	400 X 10 = 4000
5.	വൈഷ്ണവ്.എസ്.ആർ	12	400 X 10 = 4000
6.	ആർദ്ര.എസ്.എ	2	400 X 10 = 4000
7.	ജോബി.ആർ.എം	7	400 X 10 = 4000

മേൽ പ്പറഞ്ഞ വിദ്യാർത്ഥികൾക്ക് യാത്രാബത്ത നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനും, നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 32/25, തീയതി: 19.6.2025) യ്ക്ക് യാത്രചെയ്തതിന്റെ രേഖകളോ, യാത്രാബത്ത ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയോ നൽകിയിട്ടില്ലാത്തതിനാലാണ് യാത്രാബത്ത അനുവദിക്കാൻ കഴിയാത്തത് എന്നാണ് അറിയിച്ചത്.

തുടർ വർഷങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക പൂർണ്ണമായും ബജറ്റിന് മുന്നോടിയായി കണക്കാക്കി ആയത് വകയിരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതും, ഭാവിയിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ നിരക്കിൽ തുക വകയിരുത്തി നിർവ്വഹണം നടത്തേണ്ടതുമാണ്.

1-38 മാർക്കറ്റ് പ്രവർത്തിക്കുന്നില്ല - നവീകരിച്ച ടോയ്‌ലെറ്റുകൾ ഉപയോഗശൂന്യം - 1,90,936/- രൂപ തടസ്സപ്പെടുത്തുന്നു -

പ്രോജക്റ്റ് നം.	243/25
പദ്ധതിയുടെ പേര്	കാച്ചാണി മാർക്കറ്റിനുള്ളിലെ ടോയ്‌ലറ്റുകളുടെ നവീകരണം
അടങ്കൽ	200000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)
ചെലവ്	190936/-
ബിൽ നം./തീയതി	318/15.7.24, 12577/15.7.24 - 190936/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം തൻവർഷം 1,90,936/- രൂപ ചെലവിട്ട് അരുവിക്കര ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കാച്ചാണി മാർക്കറ്റിലെ ടോയ്‌ലറ്റുകൾ നവീകരിച്ച് വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളത്. വൈദ്യുതി, വെള്ളം എന്നിവയ്ക്കാവശ്യമായ കണക്ഷൻ

സ്ഥാപിച്ചിട്ടില്ല. മാർക്കറ്റിനകം മുഴുവൻ കാട് വളർന്നും, പ്രവേശന കവാടം കാട് നിറഞ്ഞ് കിടക്കുന്നതിനാൽ മാർക്കറ്റിനുള്ളിലേക്ക് ആർക്കും പ്രവേശിക്കാൻ കഴിയില്ല. ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യ ചാക്കുകൾ ഒരു ഭാഗത്തായി കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകളും തടിക്കഷണങ്ങളും മറ്റൊരു ഭാഗത്ത് കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലുമാണ് മാർക്കറ്റ്. നവീകരിച്ച ടോയ്‌ലറ്റിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം ഇന്റർലോക്ക് ചെയ്തിട്ടുണ്ടെങ്കിലും പരിസരം മാലിന്യം നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലാണ്. കാച്ചാണി മാർക്കറ്റ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ പെട്ടിട്ടുള്ളതാണോയെന്ന് വ്യക്തമാക്കാനും, മാർക്കറ്റ് പ്രവർത്തിക്കാത്തതിന്റെ കാരണവും, മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/25 തീയതി: 20.06.2025) കാച്ചാണി മാർക്കറ്റ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ടിട്ടുള്ളതാണെന്നും, സൗകര്യപ്രദമായ ആധുനിക സംവിധാനങ്ങൾ (ഓൺലൈൻ മാർക്കറ്റിങ്ങ്, ഷോപ്പിങ്ങ് മാളുകൾ എന്നിവ) പ്രദേശവാസികൾ ഉപയോഗപ്രദമാക്കുന്നതിനാൽ ചെറുകിട കച്ചവടക്കാർ മാർക്കറ്റിൽ വന്ന് കച്ചവടം ചെയ്യാതായിട്ടുണ്ടെന്നും, മാർക്കറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാലാണ് ടോയ്ലറ്റ് പ്രവർത്തനരഹിതമായിക്കാണുന്നതെന്നുമാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. വെള്ളം, വൈദ്യുതി എന്നിവ ഇല്ലാത്ത പ്രവർത്തനമില്ലാത്ത മാർക്കറ്റിൽ 1,90,936/- രൂപ മുടക്കി ടോയ്‌ലറ്റ് സ്ഥാപിച്ചത് ആസൂത്രണത്തിലെ പിഴവും പാഴ്ച്ചെലവുമായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിട പണി നടത്തുമ്പോൾ പ്ലംബിഗ്, ഇലക്ട്രിക് പണികൾ ഉൾപ്പെടെ എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി നിർവഹിക്കേണ്ടതുമായിരുന്നു. പഞ്ചായത്തിന്റെ ആസ്തിയിൽപെട്ട മാർക്കറ്റിന്റെ സ്ഥലം വൃത്തിയാക്കി ചന്തയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും, നവീകരിച്ച ടോയ്ലറ്റുകൾ ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനം വേണ്ട നടപടി സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്. വെള്ളം, വൈദ്യുതി എന്നിവ സ്ഥാപിച്ച് ടോയ്‌ലറ്റ് ജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ ടി ചെലവ് തുക ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-39 ശ്മശാനം - ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായില്ല

പ്രോജക്ട് നമ്പർ	242/25
പദ്ധതിയുടെ പേര്	ശ്മശാനം നിർമ്മിക്കുന്ന സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം
അടങ്കൽ	2,30,724/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	1,86,972/-
ബിൽ നമ്പർ	722/06.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ

2021-22 സാമ്പത്തിക വർഷം 9,93,307/- രൂപ ചെലവഴിച്ച് നിർമ്മാണം ആരംഭിച്ചതാണ് മേൽ പദ്ധതി. ശ്മശാനം നിർമ്മിക്കാനുള്ള സ്ഥലം ചരിഞ്ഞ പ്രദേശമായതിനാൽ പ്രസ്തുത ഭാഗം മതിൽ കെട്ടി ഉയർത്തി മണ്ണിട്ട് നികത്തുന്നതിനുള്ള ജോലികൾ ചെയ്തുവരുന്നു. മേൽപദ്ധതി പ്രാകരം

ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും തൻവർഷം പണിത ചുറ്റുമതിലിന്റെ നീളം അളന്ന് ബോധ്യപ്പെടുത്തിയിട്ടില്ല. നാളിതുവരെ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരവും, പദ്ധതി പൂർത്തീകരിക്കാത്തതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 42 /25 തീയതി : 20.06.2025) നൽകിയതിന് ശ്മശാനം നിർമ്മാണം ആരംഭിക്കേണ്ട പ്ലോട്ടിന്റെ നടുവിലൂടെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടായിരുന്നുവെന്നും, ആയത് മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. നിർമ്മാണം നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

അരുവിക്കര ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
17	86000	86000	8500	2025 മാർച്ചിലെ മെഡിസെപ്

				(8500/-) തുക 2025 ഏപ്രിൽ മാസത്തിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ ചില ജീവനക്കാർ ഏതാനും മാസം മാത്രമാണ് ഈ പഞ്ചായത്തിൽ ജോലി ചെയ്തിട്ടുള്ളത്.

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

<u>4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

<u>സുലേഖ ചെലവ് പത്രിക പ്രകാരം</u>

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	366880	191/25 ലൈഫ് ഭവന നിർമ്മാണം പട്ടികജാതി	366880	0
		0	450000	18/25 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	450000	0
		0	236426	1/25 ക്ഷീരകർഷകർക്ക് പാലളവിന് ഇൻസെന്റീവ്	236426	0
ആകെ		**0**	**1053306**		**1053306**	**0**
ജില്ലാ പഞ്ചായത്ത്	2024-25	0	140000	57/25 ഹരിതഭവനം	140000	0
		0	30000	191/25 ലൈഫ് ഭവന നിർമ്മാണം പട്ടികജാതി	30000	0
			1432104	193/25 ലൈഫ് ഭവന നിർമ്മാണം ജനറൽ	1432104	
		0	442875	18/25 സ്നേഹസ്പർശം -മാനസിക	442875	0

				വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്		
			100000	1/25 ക്ഷീരകർഷകർക്ക് പാലളവിന് ഇൻസെന്റീവ്	100000	
ആകെ		**0**	**2144979**		**2144979**	**0**

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	365/24-25വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ	30499	0	30499
കേരള വാട്ടർ അതോറിറ്റി	237/24-25 കോക്കോതമംഗലം വാർഡിൽ ഗ്യാസ് ക്രിമിറ്റോറിയം പ്ലാന്റ് സ്ഥാപിക്കൽ ഒന്നാംഘട്ടം	51000	50400	600

	150/24-25 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2812584	0	2812584
ഭൂജല വകുപ്പ്	237/24-25 - കോക്കോതമംഗലം വാർഡിൽ ഗ്യാസ് ക്രിമിറ്റോറിയം പ്ലാന്റ് സ്ഥാപിക്കൽ ഒന്നാംഘട്ടം (Part Payment)	1141564	0	1141564

<u>വാർഷിക ധനകാര്യ പത്രിക പ്രകാരം</u>

നിർവ്വഹണ ഏജൻസി	2023-24 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2024-25 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം)	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	2024-25 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി	283101	30499	313600	-	283101
കേരള വാട്ടർ അതോറിറ്റി	14704	2863584	2878288	50400	2827888
ഭൂജല വകുപ്പ്	-	1141564	1141564	-	1141564
പി.ഡബ്ല്യൂ.ഡി	580000	-	580000	-	580000

നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുകയായ 30,499/- രൂപ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-17 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>4-4 മൊബിലൈസേഷൻ അഡ്വാൻസ്</u>

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	ജി.ഒ. (എം.എസ്) 47/2020/LSGD തീയതി 17.03.20	53694316	5312658	5115209	53891765

വാർഷിക ധനകാര്യ പത്രികയിലെ ലോൺ ഇനം, വരവ്, ചെലവ്, നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. വിശദാംശം അപാകം 1-1-9 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	52661936
ഓഡിറ്റ് വർഷത്തെ ആകെ വരവ്	81108397
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	83973709
നീക്കിയിരിപ്പ്	49796624
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**35,67,648**

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	20,300	ശ്രീമതി. സിന്ധുമോൾ .ടി.ജെ, ഹെഡ്മിസ്ട്രസ്

1-21	3,00,000	ഡോ. വി. എസ്. അജിത്ത്, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-26	10,030	ശ്രീമതി. അശ്വതി. എ. വിജയൻ, വി.ഇ.ഒ
1-29	38,696	ശ്രീ.അനിയൻ.എ.കെ., ഡയറിഫാം ഇൻസ്ട്രക്ടർ
1-35	30,07,686	ശ്രീമതി. അജിത. എസ്.എസ്., സെക്രട്ടറി
1-38	1,90,936	ശ്രീ.അശ്വിൻദാസ് .വി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	**35,67,648**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. വി. എസ്. അജിത്ത്, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഹോമിയോ, അരുവിക്കര ഗ്രാമ പഞ്ചായത്ത്	റ്റി.സി.28/1689/(1)TENRA(131) ദേവി തീർത്ഥം, ഇളങ്കോം നഗർ, ഡി.പി.ഐ., തൈക്കാട് പി.ഒ, തിരുവനന്തപുരം

ശ്രീമതി അശ്വതി. എ. വിജയൻ, വി.ഇ.ഒ	വി ഇ ഒ, അരുവിക്കര ഗ്രാമപഞ്ചായത്ത്	രോഹിണി, വിമല പുരം, തച്ചോട്ടുകാവ്, പേയാട്, തിരുവനന്തപുരം
ശ്രീമതി അജിത. എസ്. എസ്, സെക്രട്ടറി	സെക്രട്ടറി, അരുവിക്കര ഗ്രാമപഞ്ചായത്ത്	നന്ദനം, കളത്തറ, മഞ്ച. പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം.
ശ്രീ.അശ്വിൻദാസ് .വി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, അരുവിക്കര ഗ്രാമപഞ്ചായത്ത്	അശ്വൻ നിവാസ്, ഉറിയക്കോട് പി.ഒ, തിരുവനന്തപുരം.
ശ്രീമതി. സിന്ധുമോൾ .ടി.ജെ, ഹെഡ്മിസ്ട്രസ്	ഗവ. യു.പി.ജി.എസ്. ഫോർട്ട്	ഏദെൻ, കക്കോട്, അരുവിക്കര പി.ഒ – 695564, തിരുവനന്തപുരം.
ശ്രീ.അനിയൻ.എ.കെ ഡയറിഫാം ഇൻസ്ട്രക്ടർ		കൃഷ്ണാബിൾഡിംഗ്, കിളിയൂർ, വെള്ളറട.(പി.ഒ)

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-2000	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	5
2002-03	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	21
2003-04	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	4

2004-05	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	4
2005-06	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	2
2006-07	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	5
2007-08	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	4
2009-10	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	3
2010-11	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	7
2011-12	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	7
2012-13	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	10
2013-14	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	9
2014-15	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	4
2015-16	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	8
2016-17	കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018	7
2017-18	കെ എസ് എ റ്റി വി എം/ജി പി 6/ 2590/18, തീ 09.01.2020	24
2018-19	കെ എസ് എ റ്റി വി എം/ജി പി 6/ 804/20, തീ 15.10.2020	40
2019-20	കെ എസ് എ റ്റി വി എം/ജി പി 6/668/21, തീ 31.03.2021	50

2020-21	കെ എസ് എ റ്റി വി എം/ജി പി 6/580/22, തീ 30.06.22	40
2022-23	കെ എസ് എ റ്റി വി എം/ജി പി 7/1580/2023, തീ 16/11/2023	31
2023-24	കെ എസ് എ റ്റി വി എം/ജി പി 7/1897/2024, തീ 22/12/2024	46

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 17-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Aruvikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the

Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Aruvikkara Grama Panchayat as on 31-03-2025

Date: 12/09/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Aruvikkara Grama Panchayat for the Year 2024-2025.

1.Major Observations

1) The amount towards Rent receivables from Building (Current) shown in AFS is (-) 296722/-, whereas in the respective register it is shown as (+) 298434/-. In response to the audit enquiry (No.14/16.06.25) regarding the negative rent receivable figure of -296,722 reported under the head Rent Receivables from Buildings (Current) in Balance Sheet Schedule B-15, it has been clarified that this amount was previously omitted from accrual. The discrepancy must be corrected.

2) An amount of Rs. 30,499/- has been given to KSEB (Kerala State Electricity Board) under Scheme No. 365/24-25 for deposit work, has not been included in the Head for advances paid in the AFS.

2.Other Observations

1. The mandatory financial statements pertaining to Ratios & Notes on account prescribed in accounting rules were not submitted for audit

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.
3. The opening balance shown in the current year general ledger trial balance does not match with previous years. Closing

Balance in B1 schedule of balance sheet (excess of income over expenditure).

4. The valuation of stocks and stores has not been verified and recorded in the B-14 Schedule of Balance Sheet under Stock in hand (inventories).

5. Non disclosure of expenses due- provision for outstanding expenses due such as honorarium for members, fuel expenses in the current financial year etc are not included in balance sheet (B-9).

6. No periodic monthly demand is being raised for revenue items such as property tax and profession tax.

7. Credit balance is recorded in the bank book of IDBI BANK (0046104000261425), KERALA GRAMIN BANK (40695101090356), and Indian Bank (778807292).

8. While calculating gross surplus of income over expenditure (I 19-I 18) in the income & expenditure statement the amount was recorded as 120271 instead of (-) 120271. This results in erroneous determination of Gross Surplus of Income over Expenditure After Prior period items as Rs.678833 instead of Rs.438291.

9. Loan register not produced for audit [Receipt & Payment towards secured loans from KURDFC could not be verified in audit in the absence of Loan Register].

10. The Treasury Statement of Treasury old account shown in RP (40 b) has not been made available for audit.

11. Bank statement of Indian Bank SB A/c (5764547173) and SBI SB A/c (67381517482) has not been produced for audit.

12. Stale cheque amount, which expired three year period has not seen adjusted against receipts in the AFS.

13. The details of Receivables of Redemption amount shown in the AFS which pertains to previous years has not been produced for audit.

14. No monthly reconciliation is done between ledger balances and related registers.

15. An amount of Rs.1,14,220 has been deducted from the property tax demand under the head Prior Period Income-Property Tax, in the Income & Expenditure Statement. However, supporting documents justifying this adjustment have not been made available for audit.

16. The collection and balance amounts of property tax on residential and non-residential buildings, as reported in the Annual Financial Statement, do not match with those details in the Sanchaya software.

17. According to the Annual Financial Statement, the amount disbursed under MNREGS directly to beneficiaries is Rs.4,86,57,105. However, as per the submitted statements, the disbursed amount is Rs.4,66,24,000/- only. The difference has not been reconciled.

18. The lapsed deposits shown under Schedule I-9 of the Annual Financial Statement has not been transferred to the own fund."

19. As per Schedule B-2 of the Balance Sheet, an amount of Rs.51,263/- remains as closing balance under the head 'Distress Relief Fund' as on 31st March 2025. However, as per Schedule B-17, the Co-operative Bank account (A/c No. 7904) maintained for operating the Distress Relief Fund shows a closing balance of only Rs.34,822/-. The difference has not been reconciled.

20. An amount of Rs.49,836 has been recorded under Schedule I-19 of the Income & Expenditure Statement, under the head 190200401 Prior Period Income Other Income, through Journal Entry No. 42401795 dated 31.03.2025. This pertains to the Development Fund Central Finance Commission Grant Basic Tax Grant. However, supporting documents validating the journal vouchers have not been uploaded in the ILGMS system.

21. The amount of e-Tender fee received has not been included in the annual accounts.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്